വല്ല ഏർപ്പാടുകളും പ്രത്യേകമായി ഹാർബർ അധികാരികളെക്കൊണ്ടു ചെയ്യിച്ചുകൊടുക്കുവാൻ ഗവർമ്മെണ്ടു് എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടോ ;

(ജി) ഈ വിഷയത്തിൽ കൊച്ചിൻ ഹാർബർ ആൻഡ് പോട്ട് വർക്കേഴ്സ് യൂണിയൻ വല്ല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവക്കു് എന്തുമറുപടി നല്കി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: (എ) പ്രമേയങ്ങളൊന്നും കിട്ടീട്ടില്ല.

(ബി) ഉണ്ടു്.

(സി) ഫ ഫ ഫ്യ—ഇല്ല, ഫ ഫ ഫ്വ— ഫ, ഫ ഫ ഫ്ന—ങ, ഫ ഫ ഫ ം— ഫ.

(ഡി) ഫ. ഏഴു വഞ്ചികളും മുങ്ങുകയും രണ്ടുപേർ മരിക്കുകയുംചെയ്തു. ശവം കണ്ടുകിട്ടാതിരുന്നിട്ടില്ല.

ഫ. ഉണ്ടു്.

(ഇ) ആരും സഹായം ആവശ്യപ്പെട്ടിട്ടില്ല. ഹാർബർ അധികാരികളും ചെയ്തുകൊടുത്തിട്ടുണ്ടോ എന്നറിവില്ല.

(എഫ്) പലേ ദിക്കുകളിൽനിന്നും വന്നുചേരുന്ന ക്രൂലിക്കാർക്കു പോകുവാനുള്ള ബോട്ടു സൌകര്യങ്ങളും ഹാർബർ അധികാരികളെക്കൊണ്ടു കൊടുക്കുവാൻ സാധിക്കുകയില്ലെന്നു് അഭിപ്രായപ്പെട്ടു. ഹാർബർ ജോലിക്കാരെമാത്രം ഉദ്ദേശിച്ചു പുതിയ ചില മോട്ടോർബോട്ടു സർവ്വീസുകളും ഏർപ്പെടുത്തുകയുണ്ടായി. പക്ഷെ നടത്താൻ ആളെ കിട്ടായ്കയാൽ അവ തല്ക്കാലം നിറുത്തിവെയ്ക്കുകയാണു് ചെയ്തിട്ടുള്ളതു്.

(ജി) നിവേദനങ്ങളൊന്നും ഇവിടെ ലഭിച്ചിട്ടില്ല.

NON-OFFICIAL RESOLUTIONS

No. 1. Removal of untouchability by issue of a Proclamation

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ റസിലൂഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു് അവശസമുദായങ്ങളുടെ മാത്രം അഭിമാനത്തേയും, അവകാശത്തേയും സംരക്ഷിക്കുവാനല്ല, പൊതുവിൽ രാജ്യത്തിന്റെ അഭിമാനത്തെതന്നെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു്. അതുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി അവശസമുദായങ്ങളുടെ അഭിമാനത്തെയെന്നു് ഞാൻ ചേർത്തിട്ടുള്ളതിനെ, രാജ്യത്തിന്റേയും, എല്ലാ സമുദായങ്ങളുടേയും അഭിമാനത്തെ സംരക്ഷിക്കുവാൻ എന്നാക്കിതിരുത്തണമെന്നാണു് എന്റെ ആവശ്യം. ഇനി ഇതു് ന്യായീകരിക്കുന്നതായിട്ടുള്ള ചില വാദങ്ങൾ മാത്രമാണു് ഞാൻ ഇവിടെ കൊണ്ടുവരുന്നതു്. എന്നാൽ ഇതിനു മുമ്പുതന്നെ ഇതിനെ സംബന്ധിച്ചു ഒരു മുഖവുരയായിട്ടു എനിക്കു് പറയുവാനുള്ളതു് അത്യാവശ്യമായിട്ടുള്ള, അയിത്തോച്ചാടനപ്രമേയം ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനു എത്രയൊ മുമ്പുതന്നെ, ഉദ്ദേശം പത്തു പതിനൊന്നു കൊല്ലങ്ങൾക്കു മുമ്പുതന്നെ അയിത്തോച്ചാടന പ്രമേയം ഈ നിയമസഭയിൽ അവതരിപ്പിക്കുകയും, പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണു്. ഇതിനു വേണ്ടി ഈ നിയമസഭയിൽ മുമ്പു മെമ്പർമാരായിരുന്നവരും, ഇപ്പോൾ മെമ്പർമാരായി തുടർന്നുപോകുന്നവരുമായിട്ടുള്ള നേതാക്കന്മാർ പലരും, റാവുസാഹിബ്ബു് കെ. അയ്യപ്പൻ അവർകളെപ്പോലെയുള്ളവർ, അയിത്തോച്ചാടനത്തിനുവേണ്ടി വളരെ ശക്തിയായിട്ടു വാദിച്ചിട്ടുണ്ടെന്നു എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. സവർണ്ണസമുദായങ്ങളിൽപ്പെട്ട അധികംപേരും ഇതിനു അനുകൂലികളാണെന്നു് എനിക്കറിയാം. പിന്നെ എന്തുകൊണ്ടാണു് ഈ അയിത്തത്തെ നിഷ്കാസനം ചെയ്യുവാൻ മഹാരാജാവു് തിരുമനസ്സിൽനിന്നും ഒരു വിളംബരം പുറപ്പെടുവിക്കുവാൻ ഇനിയും സാധിക്കാതെ വരുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് ഇതു് രാജ്യത്തെ പൊതുവിൽ ബാധിക്കുന്നതായിട്ടുള്ള ഒരു സംഗതിയാണു്. അയിത്തം ഈ രാജ്യത്തിനു വലിയ ഒരു വിപത്താണെന്നു ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങൾ തെളിയിക്കുന്നുണ്ടു്. എത്രയിൽ ഈ അടുത്ത കാലത്തു് അവശസമുദായത്തിൽപ്പെട്ട പലരേയും വഴിമാറിയെന്നും, അതുപോലെ മറ്റു സ്ഥലങ്ങളിലും സവർണ്ണസമുദായങ്ങളിൽപ്പെട്ട പല ആളുകളിൽനിന്നും അധഃകൃതർക്കു് പല വിഷമതകളുമുണ്ടായിട്ടുണ്ടെന്നു പത്രദ്വാരയും, മറ്റു പ്രക്ഷോപണങ്ങളും വഴിയായും, ഗവർമ്മെണ്ടിനും, നമുക്കും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇങ്ങിനെയുള്ള പരിതസ്ഥിതികൾ ഇനിയും തുടർന്നുപോവുകയരുതെന്നാണു് ഞങ്ങളുടെ ഉദ്ദേശം. വാസ്തവത്തിൽ അധഃകൃതസമുദായങ്ങൾക്കും, മറ്റു അവശസമുദായങ്ങൾക്കും, പബ്ലിക്കു് റോഡുകളിലും മറ്റു സർക്കാർവക പണം ചിലവു് ചെയ്തിട്ടുള്ള പൊതുസ്ഥാപനങ്ങളിലും പ്രവേശനം വേണമെന്നു വാദിക്കുമ്പോൾ, അതു് അവരുടെ ന്യായമായിട്ടുള്ള ഒരു വാദം മാത്രമാണെന്നും, ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിൽ അവക്ക് ജീവിക്കുവാൻ സ്വാതന്ത്ര്യവും, സമത്വവും, മറവുള്ളവരെപ്പോലെ അഭിമാനത്തോടുകൂടി അവരുടെ പൌരാവകാശത്തെ സമ്പാദിക്കുവാനുള്ള ഒരു മാർഗ്ഗം മാത്രമാണ് ഇന്ന അവർ ആവശ്യപ്പെടുന്നതെന്നും മാത്രം മനസ്സിലാക്കേണ്ടതാണ്. ഈ അയിത്തത്തെ ഉച്ചാടനം ചെയ്യുന്ന കാര്യത്തിൽ എനിക്ക് ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാനുള്ള സംഗതി എന്താണെന്നുവെച്ചാൽ ഇന്ന അയിത്തംമൂലം പൌരാവലി അനുഭവിക്കുന്ന അവശതകൾ നാനാവിധത്തിലാണെന്നാണ്. അധഃകൃതർക്കും, മറവ അവശസമുദായങ്ങളിൽപ്പെട്ടവർക്കും റോഡുകളിൽപോലും പ്രവേശനമില്ലാത്ത പല സ്ഥലങ്ങളും ഇന്നുണ്ട്. ഗവർമ്മെണ്ടുവക പണം ചിലവുചെയ്ത കുളങ്ങളും, കിണറുകളും ഉണ്ടാക്കീട്ടുണ്ട്. അങ്ങിനെയുള്ള കിണറുകളിൽനിന്നും, കുളങ്ങളിൽനിന്നും അധഃകൃതർക്ക് വെള്ളമെടുക്കുവാൻ നിവൃത്തിയില്ല. ഇങ്ങനെ ഒരു അനാശാസ്യസ്ഥിതി ഇന്ന് ഈ രാജ്യത്തിൽ നിലവിലുള്ളതുതന്നെ മറവ അവശസമുദായങ്ങളെന്ന ഗണിക്കപ്പെടുന്നവരുടെ അവകാശത്തേയും, സ്വാതന്ത്ര്യത്തേയും തടയുവാൻ പര്യാപ്തമായിട്ടുള്ള മനസാണ്. ആ ഒരു നിലവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അഭിമാനബോധവും, പൌരുഷവുമുള്ള ഏതൊരു സമുദായവും സമ്മതിച്ചുതരുമെന്ന വിശ്വസിക്കുവാൻ ന്യായം കാണുന്നില്ല. കാപ്പിക്ലബ്ബുകളിലും, ഹോട്ടലുകളിലും പ്രവേശമില്ലെന്നുള്ളതിനെ സംബന്ധിച്ചു അല്പദിവസം മുമ്പ് ഈ സഭയിൽ ചോദ്യോത്തരങ്ങളുണ്ടായികഴിഞ്ഞു. ഞാൻ ഈ കാര്യത്തിൽ അനുഭവസ്ഥനായിട്ടുള്ള ഒരാളാണ്. രണ്ടുമൂന്ന മാസങ്ങൾക്കു മുമ്പ് ഒരു മീറ്റിംഗിൽ സംബന്ധിക്കുന്നതിനുവേണ്ടി ആനന്ദപുരത്തേക്ക് ഞങ്ങൾ കുറെ ആളുകൂടിപോകുംവഴി അല്പം കാപ്പികുടിക്കാമെന്നകരുതി ഒരു കാപ്പിക്ലബ്ബിൽ കയറുകയുണ്ടായി. ഞങ്ങൾക്ക് അതിന്റെ ഉടമസ്ഥൻ പത്തുമുപ്പതു മിനിറ്റോളം അവിടെയിരുന്നിട്ടും കാപ്പി തരുവാനുള്ള ഭാവം കണ്ടില്ല. അന്ന എന്റെ മൂന്ന നാലു സ്നേഹിതന്മാരും കൂടിയുണ്ടായിരുന്നു. കുറെ നേരം കഴിഞ്ഞപ്പോൾ നായർ സമുദായത്തിൽപ്പെട്ട ആ കാപ്പികടക്കാരൻ പുറത്തുവന്ന നിങ്ങൾക്ക കാപ്പിതരണമെങ്കിൽ പാത്രം കഴുകിവെക്കുകയും, ഇലയെടുത്തുകളയുകയും ചെയ്താൽമാത്രമെ കാപ്പി തരികയുള്ളുവെന്ന പറയുകയുണ്ടായി. എന്നാൽ ഞങ്ങൾ അങ്ങിനെ മരിക്കുവും ചെയ്യിട്ടില്ലാത്തതിനാൽ അപ്രകാരം ചെയ്യുവാൻ സാധ്യമല്ലെന്ന പറയുകയും, അദ്ദേഹവുമായി യാതൊരു വാദപ്രതിവാദത്തിനും ഒരുങ്ങാതെ സ്ഥലം വിടുകയുമാണ് ചെയ്തു. ഞാൻ ഇതിനെ സംബന്ധിച്ച് പബ്ലിക്ക് ഹെൽത്ത് ഡയറക്ടർക്ക് എഴുതി അയക്കുകയും, അദ്ദേഹം സാനിട്ടറി ഇൻസ്പെക്ടരെകൊണ്ട് അന്വേഷിപ്പിക്കുകയും അതിനുശേഷം എനിക്ക് ഒരു മെമ്മോ അയച്ചുതരികയും ചെയ്തിട്ടുണ്ട്. സാനിട്ടറി ഇൻസ്പെക്ടർ അവർകളുടെ റിപ്പോർട്ട് ഇങ്ങിനെയാണ്.

"The petitioner along with his friends while entered the alleged shop the owner was preparing "Dosa" and being morning there were also other persons waiting in the shop for tea. I understand that within ten minutes the owner came out and asked the persons wating what they wanted. When the petitioner asked for tea, the owner informed him that he is only prepared to serve tea to him (petitioner) if he consents to wash the glass as usual in those parts after taking tea. To this the petitioner objected and asked the owner to produce his license. The owner refused to show his license saying that he shall do so when the proper authorities require the same. There upon there was some exchange of hot words and the owner asked him to get out of his shop.

Such being the true facts the harsh words of the owner are due to the unauthorised behaviour of the petitioner. Regarding serving of tea to the back ward class, it is customary not only there but in almost all villages that these people are required to wash their glass if tea is served to them at any "Nair Tea Shop". In this particular shop even Christians and Ezhuvas are required to clean the glass and remove the leaf after tea, since there is no servant.

Hence I do not find any reason and authority to waive the time being custom in the village parts.

ഇതാണ് എനിക്ക കിട്ടീട്ടുള്ള മെമ്മോ. ഈ റിപ്പോർട്ട് ഡയറക്ടർ അവർകളും എനിക്ക ഫോർവേർഡ് ചെയ്തിട്ടുള്ളതാണ്. ഇങ്ങിനെയാണ് ഗവർമ്മെണ്ടിന്റെ നിലയെന്നുണ്ടെങ്കിൽ അതു വളരെ പരിതാപകരമായിട്ടുള്ളതാണ്. അനാവശ്യമായ സാമുദായികാചാരങ്ങളേയും സാമൂഹ്യജീവിതരീതിയേയും മാറ്റുന്നതിനുള്ള അധികാരം നിലവിലുള്ള നിയമംമൂലം സാധ്യമല്ലെങ്കിൽ അതു മാറ്റുന്നതിനു ഗവർമ്മെണ്ടിൽനിന്നു തക്കതായിട്ടുള്ള നടപടികളും എടുക്കേണ്ടതു അത്യാവശ്യമാണ്. ഗവർമ്മെണ്ടിൽനിന്നു ജനങ്ങളുടെ പ്രാഥമികമായ അവകാശങ്ങളേയെങ്കിലും സംരക്ഷിക്കുന്നതിനും, ഈ മാതിരി അനാശാസ്യപരമായ, ദുരാചാ

LIBRARY ARCHIVES Kerala Legislative Assembly

രപരമായ ജീവിതസമ്പ്രദായങ്ങളേയും, സാമൂഹ്യസമ്പ്രദായങ്ങളേയും ഇല്ലാതാക്കി എല്ലാ സ്ഥലങ്ങളിലും എല്ലാവർക്കും പ്രവേശനവും, സഞ്ചാരസ്വാതന്ത്ര്യവും ലഭിക്കുന്നതിനുള്ള ഒരു പരിതഃസ്ഥിതിയുണ്ടാക്കുന്നതിനു് ശരിയായും ഒരു നിയമം സൃഷ്ടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ചായക്കുപ്പുകാരോടു ലൈസൻസ്സു ഞാൻ ആവശ്യപ്പെട്ടവെന്നു പറയുന്നതു് ഒരിക്കലും ശരിയായിട്ടുള്ള ഒരു സംഗതിയല്ല. ലൈസൻസ്സു ആവശ്യപ്പെടുവാൻ മാത്രമുള്ള മണ്ടത്തരം എനിക്കില്ല. യാഥാർത്ഥങ്ങളെ മൂടിവെച്ചു്, വെറുതെ ജനങ്ങളെ തെറ്റിധരിപ്പിച്ചു്, ഇങ്ങിനെയുള്ള മാമൂലുകളെ ഇനിയും പുലർത്തിപോകാനാണു് ഗവൺമെണ്ടധികൃതന്മാർ ആഗ്രഹിക്കുന്നതെങ്കിൽ അതു് ഞങ്ങൾക്കു് മരിക്കലും അനുവദിച്ചുകൊടുക്കുവാൻ നിവൃത്തിയില്ല. പക്ഷെ, ബഹുമാനപ്പെട്ട ഗവൺമെണ്ടു് അയിത്തംവെച്ചു പുലർത്തുന്നതിനു് ശ്രമിക്കുന്നുണ്ടെന്നോ, അല്ലെങ്കിൽ അയിത്തത്തെ നിഷ്കാസനം ചെയ്യുവാൻ ഗവൺമെണ്ടിനു് സാദ്ധ്യമല്ലെന്നോ, ഞാൻ വിശ്വസിക്കുന്നില്ല. ഇതിന്റെയെല്ലാം അർത്ഥം അതായതു് അയിത്തത്തെ നിഷ്കാസനം ചെയ്യുന്നതിനു് ഗവൺമെണ്ടിനു് സാധിക്കാതെയിരിക്കുന്നുണ്ടെങ്കിൽ, ശക്തിയായിട്ടുള്ള ഒരു പൊതുപ്രക്ഷോപണം ഇവിടെ ഇനിയും ഉണ്ടായികഴിഞ്ഞിട്ടില്ലായെന്നാണു്. (ഹീയർ, ഹീയർ) എന്നാൽ ഇങ്ങിനെയുള്ള ഒരു പ്രക്ഷോപണത്തിനു് ഇടയുണ്ടാകാതെയിരിക്കണമെന്നാണു് എന്റെ ആഗ്രഹം. ഈ സംഗതി എനിക്കു് ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്താതെ, യഥാർത്ഥത്തിൽ അധഃകൃതർ ഇന്നനുഭവിക്കുന്ന സാമുദായികമായിട്ടുള്ള അവശതകളെ പരിഹരിക്കുന്നതിനു് ഗവൺമെണ്ടിനെ പ്രേരിപ്പിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടുമാത്രമാണു് ഞാൻ ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. ഇനി ഇതിനെ കുറിച്ചു കൂടുതലായിട്ടുള്ള ഒരു വിശദികരണം ഇവിടെ നടത്തണമെന്നു് എനിക്കു് ഉദ്ദേശമില്ല. അതുകൊണ്ടു് എല്ലാമെമ്പർമാരും, ബഹുമാനപ്പെട്ട ഗവൺമെണ്ടും, അയിത്തത്തെ ഒരു രാജകീയ വിളംബരംമൂലം നിഷ്കാസനം ചെയ്യുന്ന കാര്യത്തിൽ യോജിക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. അയിത്തം ഒരു രാജകീയ വിളംബരംമൂലം ഇവിടെനിന്നു് നിഷ്കാസനം ചെയ്യണമെന്നുള്ളതാണു് പ്രമേയം. ഇതു് ഈ നിയമസഭയിൽ പുത്തിരിയല്ല. പല ആവർത്തി ശ്രീപക്ഷത്തോടുകൂടിയും, ചിലപ്പോഴെല്ലാം ഐകകണ്ഠ്യേനയും പാസ്സായിട്ടുള്ള ഒന്നാണു്. ഈ രാജ്യത്തിലെ ജാതി ഹിന്തുക്കളിൽ ഒരു വലിയ വിഭാഗംവരുന്ന നായന്മാരെ പ്രതിനിധികരിക്കുന്ന നായർ സമാജം ഈ പ്രമേയം പാസ്സാക്കീട്ടുണ്ടു്. ജാതിയുടെ അങ്ങേ അറ്റത്തു നിലകൊള്ളുന്ന നമ്പൂതിരികളും അവരുടെ യോഗക്ഷേമസഭയിൽ ഈ പ്രമേയം പാസ്സാക്കി. അങ്ങിനെ അയിത്തം ഇവിടെനിന്നു് നിഷ്കാസനം ചെയ്യുവാൻ ഇവിടത്തെ സവർണ്ണർ തയ്യാറാണെന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞു. എന്നിരുന്നിട്ടും അതു ഇവിടെനിന്നു് തിരോധാനം ചെയ്തിട്ടില്ല. അതിനു് ആവശ്യമായ, പ്രയോജനപ്പെടുന്ന, മഹാരാജാവു് തിരുമനസ്സിനെ പ്രേരിപ്പിക്കുന്ന ഒരന്തരീക്ഷം ഉണ്ടായിട്ടില്ലെന്നാണു് ഇതിന്റെ അർത്ഥം. പ്രമേയം പാസ്സാക്കലിനു് അപ്പുറം കടന്നു് ഇതിന്റെ പ്രയോക്താക്കൾ യാതൊന്നും ചെയ്തിട്ടില്ല. അയിത്തം അധഃകൃതരേയും ജാതികൊണ്ടുള്ള അസമത്വം അനുഭവിക്കുന്ന മറ്റുള്ളവരേയും മാത്രം ശപിക്കുകയും, അപമാനത്തിലേക്കു തള്ളിയിടുകയും ചെയ്യുന്നുവെന്ന മറ്റുള്ളവർ കരുതരുതു്. ജാതിഹിന്തുക്കളുടെമേൽ വെച്ചുകെട്ടിട്ടുള്ള ഒരു അപമാനവും കൂടിയാണിതു്. മറ്റാരെക്കാളും അതിനുവേണ്ടി പ്രവർത്തിക്കുവാൻ ജാതിഹിന്തുക്കളാണു് മുന്നോട്ടുവരേണ്ടതു് എന്നുള്ളതിനു് പക്ഷാന്തരമില്ല.

തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനമുണ്ടായി. ഇവിടെ അന്നതന്നെയൊ അല്ലെങ്കിൽ അതിന്റെ പിറ്റെദിവസമെങ്കിലൊ ക്ഷേത്രപ്രവേശനം ഉണ്ടാകേണ്ടതായിരുന്നു. ഇവിടെ അതു് ഇല്ലാതെ പോയതു് എന്തുകൊണ്ടു്? വാസ്തവത്തിൽ കൊച്ചി പരിഷ്കാരത്തിൽ വളരെ നൂറ്റാണ്ടുകൾക്കപ്പുറമാണെന്ന ഒരു അവസ്ഥ ഇതുകൊണ്ടു് പ്രഖ്യാപനം ചെയ്യുന്നുണ്ടു്. ഉത്തരവാദിത്വഭരണം പരിപൂർണ്ണമായതു അല്ലെങ്കിൽതന്നേയും ഇവിടെ നടപ്പിലുള്ള ഭരണം പരിഷ്കൃതമാണെന്നു് ലോകർ പറയുന്ന കൊച്ചി അയിത്തോച്ചാടനം അന്നതന്നെ സാധിച്ചിരുന്നുവെങ്കിൽ പരിഷ്കാരത്തിൽ ഏതാണ്ടു് മുന്നൂറുകൊല്ലം മുമ്പോട്ടുപോയികഴിഞ്ഞുവെന്ന അഭിമാനം കൊള്ളാമായിരുന്നു. ഇനിയെങ്കിലും അതിനു് തയ്യാറാകണമെന്നു് മാത്രമെ ഞാൻ ഇവിടത്തെ ജാതിഹിന്തുക്കളോടും, ഇവിടത്തെ ഗവർമ്മെണ്ടിനോടും, ഈ പ്രമേയംവഴി മഹാരാജാവു തിരുമനസ്സിനോടും അഭ്യർത്ഥിക്കുന്നുള്ളൂ. അയിത്തം ഇവിടെനിന്നു് ഉച്ചാടനം ചെയ്യുന്നതിനു് ആവശ്യമായ നടപടികളും എടുക്കുവാൻ പറ്റുംപ്രകാരമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനു്, മറ്റാരേക്കാളും മുന്നോട്ടുവരേണ്ടതു് പ്രജാമണ്ഡലം പാർട്ടിയാണു്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ ആദർശത്തിൽകൂടി മുന്നോട്ടുവരുന്ന അവർ, അവരുടെ പ്രസ്ഥാനത്തിൽതന്നെ അയിത്തോച്ചാടനം ഒരു പ്രധാനപ്രശ്നമായി കരുതിട്ടുണ്ടാകണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ : ഉണ്ട്; ഉണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : അതിനു് അവർ മുന്നോട്ടുവരുമ്പോൾ അവരെ സഹായിക്കുന്നതിനു് മറ്റുള്ളവരെല്ലാവരും തയ്യാറാകുമെന്നു് മാത്രമെ ഈ അവസരത്തിൽ എനിക്കു് അവരോടു പറയേണ്ടതുള്ളു. എന്നാൽ ഒരു കാര്യം ഞാൻ പറയാം. ഇവിടത്തെ ജാതി ഹിന്ദുക്കൾ ഇനിയും മാമൂലുകൾവെച്ചു് പുലയ്ത്തുവാനാണു് ആരംഭിക്കുന്നതെങ്കിൽ—അയിത്തത്തെയും, ജാതിയേയും നിഷ്കാസനം ചെയ്യുവാൻ അവക്കു സാധിക്കുകയില്ലെങ്കിൽ—ഇതെല്ലാം താനേമാറുവാൻ അവർ നിബ്ബന്ധിതരാകും എന്നു് ഞാൻ അവരെ അറിയിക്കുന്നു. അയിത്തം ഏതാണ്ടു് അവസാനിച്ചുകഴിഞ്ഞു. പരിഷ്ക്കാരം ഇനി വേഗത്തിൽ മുന്നോട്ടപായും. അതിന്റെ പ്രയാണത്തിൽ ഇവിടെയുള്ള സകല അനാചാരങ്ങളും അസ്തമിക്കും. പരിഷ്ക്കാരത്തിന്റെ മുമ്പിൽ ഞങ്ങളെല്ലാം സ്വതന്ത്രരായി, അഭിമാനമുള്ളവരായി, നിലകൊള്ളും. ഈ പരിഷ്ക്കാരം യാഥാസ്ഥിതികരെയെല്ലാം ചവിട്ടിമൂടിക്കൊണ്ടായിരിക്കും മുന്നോട്ടപോവുക. അന്നു മറ്റുള്ളവർ, അഭിമാനപൂർവ്വം ഞെളിഞ്ഞുനില്ക്കുന്ന ഞങ്ങളെ കണ്ടു സങ്കോചപ്പെടേണ്ടിവരും. അതിനു് ഇടയാകാതിരിക്കുവാൻ വേണ്ടി, ലജ്ജാകരമായ അവസരത്തെ നേരിടാതിരിക്കുന്നതിനുവേണ്ടി, ഇന്നു ഞങ്ങളെ ബന്ധിച്ചിട്ടുള്ള ജാതിശൃംഖലകളെ നിങ്ങൾതന്നെ പൊട്ടിച്ചെറിയുക. ജാതിയുടേയും, അയിത്തത്തിന്റേയും പേരിൽ ഞങ്ങളെ ബന്ധിച്ചിട്ടുള്ള ഈ ശൃംഖലകൾ തുരുമ്പിച്ചുകഴിഞ്ഞു. ഞങ്ങൾ ഒത്തൊരുമിച്ചു് ഒന്നു ശ്വാസം വിട്ടാൽ അതിന്റെ കണ്ണികൾ പൊട്ടി തുണ്ടുതുണ്ടുകളായി താഴെ വീഴുമെന്നു് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അയിത്തം പോകുന്നതിനുള്ള ഒരു പോംവഴി ഞങ്ങൾ ഇവിടെ നിർദ്ദേശിക്കുന്നതു് ക്ഷേത്രപ്രവേശനം സാധിക്കുകയെന്നുള്ളതാണു്. ഇന്നു് ജാതിയും, അയിത്തവും ഏതാണ്ടു് ക്ഷേത്രത്തിൽ കുടിച്ചിരിക്കുകയാകുന്നു. ജാതിയേയും, അയിത്തത്തേയും ക്ഷേത്രത്തിൽ നിന്നെടുത്തു അറേബിയൻ കടലിൽ ആഴമുള്ള സ്ഥലത്തു കെട്ടി താഴ്ത്തുവാനാണു് ഞങ്ങൾ ആഗ്രഹിക്കുന്നതു്. അങ്ങിനെ ഇവിടെ അയിത്തവും, ജാതിയും ഇല്ലാതായി നിസർഗ്ഗസുന്ദരമായ ഒരന്തരീക്ഷം സ്നേഹമാം കുളിർ പൂനിലാവു പരന്നു സർവ്വവും ഏകമായി തോന്നുന്ന മുദമന്ദസ്മിതരശ്മികളുടെ ചിന്താപ്രകാശത്തിൽ ജാതിഭേദം, മതദ്വേഷം ഇവ ഏതുമില്ലാതെ സർവ്വരും സോദരത്വേനവാഴുന്ന ഒരു മാതൃകാലയം, സംജാതമാകണം. അതു് അനതിദൂരഭാവിയിൽ കൈവല്യമാകുമെന്നു് പ്രതീക്ഷിച്ചും, മാനം കുലധർമ്മമായി പാലിച്ചുവരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുമനസ്സിലെ അനേകായിരം വരുന്ന പ്രജാസമുദായത്തിന്റെ മാനം സംരക്ഷിക്കുവാൻ തയ്യാറാകണമെന്നു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ വിരമിക്കുന്നു.

റാവുസാഹിബു് കെ. അയ്യപ്പൻ : സർ, ഈ നിശ്ചയത്തെ പിൻതാങ്ങുന്നതിൽ എനിക്കു വലിയ സന്തോഷമുണ്ടു്. ഈ നിശ്ചയം ഇതേമാതിരിതന്നെ വേണ്ടിയിരുന്നില്ല. അധഃകൃത സമുദായത്തിന്റെ അഭിമാനത്തെ രക്ഷിക്കുവാൻ എന്നുള്ളതിനേക്കാൾ ജാതിഹിന്ദുക്കളുടെ അഭിമാനത്തെ രക്ഷിക്കുവാൻ എന്ന ചേർക്കുകയായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം. നമുക്കിതിൽ ആലോചിക്കേണ്ട കാര്യം അതൊന്നുമല്ല. അയിത്തം ഇല്ലാതെയാകണം, അതിനെപ്പറ്റിയാണു് എനിക്കു പറയുവാനുള്ളതു്. അതിനെപ്പറ്റി പറയുന്നതിനുമുമ്പായി ഇന്നു് ഉച്ചതിരിഞ്ഞു നടക്കുവാൻപോകുന്ന അഡ്ജോൺമെന്റുമോഷന്റെ അടിസ്ഥാനമായ വിഷയത്തിലേക്കു ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

ഒരു മീറ്റിംഗിനു് അനുവാദം ചോദിച്ചിട്ടു കിട്ടാഞ്ഞതുകാരണം അതിനു് അഡ്ജോൺമെന്റുമോഷൻ കൊണ്ടുവരുന്നു. എത്ര നൂറാണ്ടുകളായി ഞങ്ങൾ വഴി നടക്കാൻ വിഷമിച്ചിരുന്നു. എത്ര തലമുറകളായി, എത്രയോ നൂറാണ്ടുകളായി ഒരു സ്ഥലത്തുമാത്രമല്ല പലേസ്ഥലങ്ങളിലും എത്രയോ ലക്ഷം ജനങ്ങൾ വഴിനടക്കുവാൻ കൂടി നിവൃത്തിയില്ലാതിരിക്കുമ്പോൾ അതിനെക്കാൾ വലിയൊരപമാനവും അസ്വാതന്ത്ര്യവും വേറെ വല്ലതുമുണ്ടോ? മീറ്റിംഗ് നടത്താനനുവദിച്ചില്ലെങ്കിൽ മീറ്റിംഗ് നടന്നില്ലെന്നു മാത്രമേയുള്ളു. അതിൽ അത്രവലിയ അപമാനമൊന്നും വരാനില്ല. നേരെമറിച്ചു് വഴി നടന്നില്ലെങ്കിൽ കായ്മുടക്കം നേരിടുമെന്നതന്നെയല്ല മറ്റു പലേ കുഴപ്പങ്ങളും അതുകൊണ്ടുണ്ടാകും. പാത്രം കഴുകിവെക്കണമെന്നു പറഞ്ഞതായി ഇവിടെ പറഞ്ഞുകേട്ടു. ആലോചിച്ചുനോക്കുക കായ്മും എത്ര ഗൌരവമുള്ളതാണെന്നു്. എന്നാൽ അതൊന്നും ഈ നിയമസഭയിൽ പറയേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിലെ എല്ലാകക്ഷികൾക്കും, ഗവർമ്മെണ്ടു മെമ്പർമാർക്കു വ്യക്തിപരമായ നിലയിലും അതിനെപ്പറ്റി നല്ലപോലെ അറിയാവുന്ന ഒരു സംഗതിയാണ്. ഗവർമ്മെണ്ടിന്റെ നിലയിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെങ്കിലും ഗവർമ്മെണ്ടു മെമ്പർമാർക്കു സ്വന്തം നിലയിൽ ഇതിന്റെ പരമാർത്ഥസ്ഥിതി നല്ലപോലെ അറിയാം.

വെള്ളക്കാരല്ലാത്തവരോടു ഇംഗ്ലണ്ടിലുംമറ്റും വെള്ളക്കാർ അസമത്വം കാണിക്കുന്നതിനെപ്പറ്റി അറിയുമ്പോൾ ഇന്ത്യാക്കാർക്കു എന്താണുതോന്നുന്നതു. ഇന്ത്യക്കാരെ അകറ്റി നിറുത്തുവാൻ ആഫ്രിക്കായിലെ വെള്ളക്കാർ പാസ്സാക്കുന്ന മനസ്ഥിതികളെപ്പറ്റിയും ഇന്ത്യക്കാർക്കു് എന്താണു തോന്നുക. ആ തോന്നലിന്റെ നിലയിൽനിന്നുകൊണ്ടതന്നെയാണു് നാം ഈ കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതു.

ഒരൊറ്റ മനുഷ്യൻപോലും എന്നേക്കാൾ ഉയർന്നവനുണ്ടോ? ഉണ്ടെന്നു എനിക്കു വിശ്വാസമില്ല. ബ്രാഹ്മണനായാലും ശരി, ക്ഷത്രിയനായാലും ശരി, നമ്പൂതിരിയായാലുംശരി അവരാരുംതന്നെ എന്നെക്കാൾ ഉയർന്നവരാണെന്നു് എനിക്കു വിശ്വാസമില്ല. പക്ഷെ അതു ഞാൻ പറഞ്ഞാൽ മതിയോ എന്നുമാത്രമേ സംശയമുള്ളൂ. നാട്ടിൻപുറത്തുപോകുമ്പോൾ ഡപ്യൂട്ടിപ്രസിഡണ്ടു സ്ഥാനമുണ്ടായാലും മറെറന്തുണ്ടായാലും ശരി അങ്ങോട്ടു് പോകരുതു് പോയാൽ കായ്ക്കുംവരെ. ഞാൻ ഇതു സഹിക്കുവാൻ നിവൃത്തിയില്ലാതെയാണു് പറയുന്നതു്. എന്റെ ചില അനുഭവങ്ങൾ ഞാൻ ഇവിടെ പറയുന്നില്ല. ചില സ്ഥാനങ്ങളോടു എനിക്കുള്ള ബഹുമാനംകൊണ്ടും മറ്റും ഞാനതു പറയാതിരിക്കുകയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു് : ഇനിയും ആ ബഹുമാനം തന്നെ വക്കണം.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : ഞാനേറ്റിട്ടുള്ള അപമാനങ്ങളും എനിക്കു കിട്ടീട്ടുള്ള അപമാനക്കത്തുകളും ചിലസ്ഥാനങ്ങളോടുള്ള ബഹുമാനംകൊണ്ടും ഭക്തികൊണ്ടും ഞാനിവിടെ എടുത്തു പറയുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മനസ്സിലായി.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : ഞാൻ ആരോടും വിരോധംവെച്ചുകൊണ്ടല്ല ഇങ്ങിനെ പറയുന്നതു്. ഇന്നത്തെസ്ഥിതി മാറുവാൻ സാധിക്കാത്തതിൽ നായന്മാരേയോ ബ്രാഹ്മണരേയോ കുറ്റം പറഞ്ഞിട്ടു കായ്മയില്ല. എല്ലാ സമുദായക്കാർക്കും ഇതെല്ലാം മാറേണ്ടതാണെന്ന അഭിപ്രായമുണ്ടായിട്ടുണ്ടു്. അയിത്തം ഇല്ലാതാക്കണമെന്നു നായർ സമാജവും, നമ്പൂതിരി യോഗക്ഷേമമഹാസഭയും മറ്റും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു യാതൊരുപ്രയോജനവുമില്ല. ശരിക്കു ഇതിന്റെ വേരറുത്തു കളയണമെങ്കിൽ ഒരു രാജകീയ വിളംബരം വരണം. (ഹിയർ ഹിയർ) ജപ്പാൻ പരിഷ്കാരങ്ങൾക്കു ശ്രമിച്ചപ്പോൾ ആദ്യമായി ചെയ്തതു അവിടത്തെ ഉയർന്നജാതി താണജാതി എന്ന വ്യത്യാസം ഇല്ലാതാക്കുന്ന ആ വിളംബരം പുറപ്പെടുവിച്ചതാണു്. അതുപോലെ ഇവിടെ മഹാരാജാവു് തിരുമനസ്സിലെ ഒരു വിളംബരം ഉണ്ടാകണം.

നിയമത്തെ ലംഘിച്ചോ ഗവർമ്മെണ്ടിനെ തകിടം മറിച്ചോ യാതൊരു പരിഷ്കാരവും ഞങ്ങൾക്കു വേണ്ട. മഹാരാജാവു് തിരുമനസ്സുകൊണ്ടു് ഈ രാജ്യത്തിൽ അയിത്തമില്ല എന്നൊരു പ്രഖ്യാപനം ചെയ്യുകഴിഞ്ഞാൽ പിന്നെ വേണമെങ്കിൽ വരട്ടെ നായന്മാരും ബ്രാഹ്മണരുമൊക്കെ. അപ്പോൾ ഒരു കൈനോക്കാം. അന്നു ഈ കായ്ത്തിൽ അവരാരും എതിർക്കുവാൻ വരികയില്ല. നായന്മാരിൽ കഷ്ടിച്ചു ഒരു നൂറുപേർ ഒഴിച്ചാൽ ബാക്കിയുള്ളവരെല്ലാം വിളംബരത്തെ അനുസരിക്കും. ബ്രാഹ്മണരിലും ചിലർമാത്രം ഒഴിച്ചു ബാക്കിഎല്ലാവരും അങ്ങിനെതന്നെ വരികയുള്ളൂ.

മിസ്റ്റർ എ. ഈച്വരമേനോൻ : എന്തുകൊണ്ടാണു് നായന്മാരിൽ ൧൦൦ പേർ ഒഴിച്ചാൽ എന്നു പറഞ്ഞതു്?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ : മിസ്റ്റർ ഈച്വരമേനോനെ പോലെയുള്ള വേറെ ആളുകളുണ്ടാകുമല്ലൊ.

ഇതു അധഃകൃതരുടെ ഒരു കായ്മയായി എടുക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. അയിത്തോച്ചാടനമെന്നതു് വെറും ഒരു അയിത്തോച്ചാടനമായി നിൽക്കുമെന്നും ആരും തെറ്റിദ്ധരിക്കരുതെന്നു എനിക്കുപേക്ഷയുണ്ടു്. ഹിന്ദുക്കൾക്കു വല്ല രക്ഷയും വേണമെന്നുണ്ടെങ്കിൽ, അവർ അപരിഷ്കൃതരാണെന്നും വെറും കാടന്മാരാണെന്നും പരിഷ്കൃതലോകം വിധിക്കാതിരിക്കണമെന്നുണ്ടെങ്കിൽ, അവരുടെ മതം മറ്റു മതങ്ങളുടെ കൂട്ടത്തിൽ വിശ്വസിക്കുവാൻ കൊള്ളാവുന്ന ഒന്നാണെന്നു വരണമെന്നുണ്ടെങ്കിൽ അയിത്തവുംമറ്റും ഇല്ലാതാകണം.

LIBRARY ARCHIVES Kerala Legislative Assembly

മഹാരാജാവു തിരുമനസ്സുകൊണ്ടു അവിടത്തെ അഭിമാനത്തേയും പരിഷ്കൃതാശയത്തേയും പ്രഖ്യാപനം ചെയ്യുവാനും, നായന്മാരും ബ്രാഹ്മണരുമെല്ലാം പരിഷ്കൃതരാണെന്നു പ്രഖ്യാപനം ചെയ്യുവാനും, ഈഴവരും പുലയരുമെല്ലാം സ്വതന്ത്രരാണെന്നു പ്രഖ്യാപനം ചെയ്യുവാനും വേണ്ടിയാണ് ഈ വിളംബരം. ഉയർന്ന നല്ല ആശയങ്ങളും ആചാരങ്ങളും ആണ് പരിഷ്കാരം. കളിയോ കുറിയോ ശ്ലോകമോ അല്ല പരിഷ്കാരം. അതുകൊണ്ടു ബ്രാഹ്മണരും മറ്റു ഹിന്ദു സമുദായങ്ങളുമെല്ലാം പരിഷ്കൃതാശയരാണെന്നു സ്ഥാപിക്കുവാൻവേണ്ടിഇവിടെ ഒരു രാജകീയവിളംബരം നടപ്പാക്കണമെന്നാണ് എനിക്കു ഗവർമ്മേണ്ടിനോടു പറയുവാനുള്ളതു്.

ഇവിടെ തീണ്ടൽക്കാരാണ് ഒരുകാലത്തു ഏറ്റവും ഉൽകൃഷ്ടരായിരുന്നവർ. അവരായിരുന്നു ഈ കേരളം വാണിരുന്നവർ. കേരളഭൂമിയിൽ ഒരു കാലത്തു പുലയരായിരുന്നു ഏറ്റവും ശ്രേഷ്ഠന്മാർ. ഏതോകാരണവശാൽ അതിൽ പിന്നീടു വന്നവർ, വെള്ളക്കാരും മറ്റും ഇന്ത്യക്കാരെ എങ്ങിനെയാക്കിയോ അതുപോലെ പുലയരെ അടിച്ചമർത്തി അവക്കു തീണ്ടൽവെച്ചു. ശുചിയില്ലായ്മയാണ് തീണ്ടലിനു കാരണമെന്നു പറയുന്നതു് തുലോമേ അസംബന്ധമാണ്. ഏതായാലും ഇന്നു തീണ്ടൽ ആക്കുണ്ടോ അവരാണ് പണ്ടു ശ്രേഷ്ഠന്മാർ എന്നുള്ളതിനു തീണ്ടലല്ലാതെ വേറെ തെളിവൊന്നും വേണ്ട. അധഃകൃതരെ അകറ്റിയതു വൃത്തിയില്ലാത്തതുകൊണ്ടാണെന്നുള്ള ചരിത്രവിരുദ്ധമായ, വാസ്തവവിരുദ്ധമായ സംഗതി ആരുംപറഞ്ഞിട്ടുകായ്മില്ല. ഈഴവർ, അരയന്മാർ, പുലയർ മുതലായവർക്കു തീണ്ടൽ വരുവാൻ രണ്ടുകാരണങ്ങളേയുള്ള. ഒന്നാമതു് ഉയന്നവർ എന്നു പറയുന്നവരുടെ മഠയത്തരം; രണ്ടാമതു് താണവരെന്നു പറയുന്നവരുടെ ശക്തിയില്ലായ്മ—ഇതു രണ്ടുമല്ലാതെ വേറെ കാരണങ്ങളൊന്നുമില്ല.

ഇൻഡ്യയിലെ പൊതുജനാഭിപ്രായം മുഴുവൻ അയിത്തത്തെ ഇല്ലാതക്കണമെന്നുള്ളതാണ്. സ്വരാഷ്ട്രീയ കക്ഷികളും അതിന്നുവേണ്ടിയാണ് വാദിക്കുന്നതു്. സ്വന്നീതികളും അതിനേപ്പറ്റി പൂർണ്ണമായി യോജിക്കുന്നുണ്ടു്. സ്ഥിതിഗതികളും തന്നെ അയിത്തോച്ചാടനം അത്യാവശ്യമാണെന്നു വിളിച്ചു പറയുന്നു. അങ്ങിനെയുള്ള ഈ അയിത്തത്തെ ഇല്ലാതെയാക്കുന്നതുകൊണ്ടു് യാതൊരു ആപത്തും വരുവാനില്ല, എന്നുള്ളതു് പല നാട്ടരാജ്യങ്ങളിലും തിരുവിതാംകൂറിലെ ദൃഷ്ടാന്തത്തെ തുടർന്നു് ക്ഷേത്രപ്രവേശനം അനുവദിച്ചുകഴിഞ്ഞതുകൊണ്ടു മനസ്സിലായി. പരമാർത്ഥത്തിൽ ആ രാജ്യക്കാരെക്കാളും പരിഷ്കൃതരായ നമ്മളും, സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും ഉയർന്നവരായ നമ്മളും ഇങ്ങിനെയുള്ള ഒരു പരിഷ്കാരം സ്വീകരിക്കാതെയിരിക്കുന്നുവെങ്കിൽ അതു് ഈ രാജ്യത്തിനും ഇവിടത്തെ ജനങ്ങൾക്കും വലിയൊരു അപമാനമാണെന്നു ഞാൻ പറയുന്നു.

ഇതു് സാധാരണനിലയിൽ ഗവർമ്മെണ്ടു് കൺസിഡർ ചെയ്യേണ്ട ഒരു കാര്യമല്ല. കൺസിഡർചെയ്യാമെന്നു പറഞ്ഞു് തൽക്കാലം ഒഴിയേണ്ട കാര്യവുമല്ല. ഗർമ്മെണ്ടു ശരിക്കു കൺസിഡർ ചെയ്യണം. കൺസിഡർ ചെയ്തു നീട്ടിക്കൊണ്ടു പോകാത്ത വിധത്തിൽ കൺസിഡർ ചെയ്യണം. ഒരു രാജകീയ വിളംബരം പുറപ്പെടുവിക്കുന്നതിനു് ഗവർമ്മെണ്ടു് മഹാരാജാവു തിരുമനസ്സിലേക്കു ശുപാർശ ചെയ്യണം. എനിക്കറിയുവാൻ കഴിഞ്ഞിട്ടുള്ള ചുരുക്കം ചില സന്ദർഭങ്ങൾ വെച്ചു് നോക്കിയിടത്തോളം ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ കാര്യത്തെ വളരെ അനുകൂലമായി വീക്ഷിക്കും എന്നാണ് മനസ്സിലായിട്ടുള്ളതു്. അതുകൊണ്ടു് ഗവർമ്മെണ്ടു് ഇതു് അത്യാവശ്യമാണെന്നു് എഴുതിയും, ശുപാർശചെയ്യേണ്ട രീതിയിൽ ശുപാർശചെയ്തും, മഹാരാജാവു തിരുമനസ്സിനെ ഉണർത്തിക്കുകയാണെങ്കിൽ തീർച്ചയായും ഈ അയിത്തോച്ചാടന വിളംബരം ഇവിടെയുണ്ടാകും. അയിത്തോച്ചാടന വിളംബരം ഇവിടെ ഉണ്ടാകുകയാണെങ്കിൽ നമുക്കു മറ്റു രാജ്യങ്ങളെ കവച്ചുവെക്കുവാനും സാധിക്കുമെന്നു പരമാർത്ഥം ഞാനിവിടെ പറഞ്ഞുകൊള്ളുന്നു. അയിത്തോച്ചാടന വിളംബരമെന്നതു് ക്ഷേത്രപ്രവേശന വിളംബരത്തേക്കാൾ കടന്ന ഒരു വിളംബരമാണ്. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ഫലമായിട്ടാണ് അയിത്തം പോകുന്നതു്. അയിത്തം ഇല്ലാതെയാകണമെന്നു നിബ്ബന്ധമൊന്നുമില്ല. ക്ഷേത്രത്തിൽ ബ്രാഹ്മണർക്കു പ്രവേശിക്കാവുന്നിടത്തോളം സ്ഥലംവരെ നായന്മാർക്കു പ്രവേശനമില്ല. അതുകൊണ്ടു് നായന്മാരും ബ്രാഹ്മണരും തമ്മിലുള്ള അയിത്തം പോയിട്ടില്ല. ഇവിടെ നമ്മൾക്കു് അയിത്തോച്ചാടന വിളംബരമുണ്ടായാൽ ക്ഷേത്രപ്രവേശനമനുവദിച്ചിട്ടുള്ള തിരുവിതാംകൂറിനും സ്വന്നാട്ടരാജ്യങ്ങൾക്കും ബ്രിട്ടീഷിൻഡ്യക്കുതന്നെയും നമ്മൾ മാർഗദർശകം ചെയ്യുന്നതായിരിക്കും. അയിത്തോച്ചാടന വിളംബരത്തിന്റെ ഉള്ളുകള്ളികൾ അറിയാതെ പറയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ ഷണ്മുഖം ദിവാൻജിയായിരുന്ന കാലത്തു് അയിത്താച്ചാടനവിളംബരം നടപ്പാക്കുന്ന കാര്യത്തിൽ ക്ഷേത്രങ്ങളെ ഒഴിവാക്കിയുള്ള ഒരു വിട്ടുവീഴ്ചക്കു് സമ്മതമാണോ എന്നു എന്നോടു ചോദിച്ചു. ക്ഷേത്രങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള അയിത്തോച്ചാടനത്തിനു തയ്യാറില്ലെന്നാണു് ഞാൻ മറുപടി പറഞ്ഞതു്. ക്ഷേത്രപ്രവേശന വിളംബരത്തേക്കാൾ കടുപ്പരിഷ്ക്കാരമാണു് അയിത്തോച്ചാടന വിളംബരമെന്നുള്ള വിശ്വാസംകൊണ്ടാണു് ഞാൻ ഇതിനെ താങ്ങുന്നതു്. ക്ഷേത്രപ്രവേശനവും അതിനപ്പുറവുമെല്ലാം അതിൽ ഉൾപ്പെട്ടും. ഇതു് ഈഴവരുടേയോ പുലയരുടേയോ മറ്റേതെങ്കിലും വർഗക്കാരുടേയോ വാദമാണെന്നു വിചാരിക്കാതെ ഭയവുചെയ്തു് പൊതുവായ ഒരു വാദമായി കരുതി ക്രസ്ത്യാനികളും മുസ്ലിമിങ്ങളും മറ്റു സമുദായങ്ങളും അവർക്കിതുകൊണ്ടു കാര്യമില്ലല്ലോ എന്നു വിചാരിച്ചു് മാറിനിൽക്കാതെ എല്ലാവരും ഇതിനെ അനുകൂലിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഞാൻ ഒരു ഭീഷണിയായി പറയുന്നതല്ല. അധഃകൃതമെമ്പർമാർ ഈ സംഗതിയിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഒരു ഇന്നർ വോയിസ്കൊണ്ടു പറഞ്ഞതായിരിക്കണമെന്നു് എനിക്കു തോന്നുന്നു.

ഗവർമ്മെണ്ടു് എക്സ്പീഡയൻസിനു വേണ്ടിയും ഇതു് നടപ്പാക്കേണ്ടതു് അത്യാവശ്യമാണു്. ഇനി ഇതൊന്നും ക്ഷമിക്കുവാൻ പോകുന്നില്ല. ചില സമുദായങ്ങളെ മാറുവാൻ പറഞ്ഞാൽ അവർ സമ്മതിക്കുകയില്ല. തല്ലി മാറ്റാനാണു പ്രയാസമാണു്. തീണ്ടൽ ഇവിടെ എതാണ്ടു് കുറഞ്ഞിട്ടുള്ളതു് തല്ലിയും കേസ്സു് പറഞ്ഞുമാണു്. തല്ലു ഭയന്നു് എന്തിനു വഴിമാറിക്കൊടുക്കുന്നു. വഴി മാറിക്കൊടുക്കുവാൻവേണ്ടി തല്ലുകയാണെങ്കിൽ അങ്ങോട്ടും തല്ലണം. അപ്പോൾ ശക്തിയും ശക്തിയുംകൂടിയുള്ള ഒരു ഏർപ്പാടാകും. ഇപ്പോൾതന്നെ കൊടുങ്ങല്ലൂരിൽ ഒരു സ്ഥലത്തു വഴി കെട്ടിയടക്കുവാൻ പോകുന്നതായും ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരിൽ ചിലർ അതിനു് അനുകൂലികളാണെന്നും കേട്ടു. അവിടെ ഞാൻ ഈയിടെ ഒരു സഭയിൽവെച്ചു ഇങ്ങിനെപറഞ്ഞു. ആരെങ്കിലും വഴി കെട്ടിയടക്കുകയാണെങ്കിൽ വലിച്ചു തോട്ടിലെറിയണം. തല്ലാൻ വന്നാൽ സ്വയരക്ഷക്കുവേണ്ടി അങ്ങോട്ടും തല്ലണം. ഈ പരിഷ്കൃതകാലത്തു വഴി കെട്ടിയടക്കുകയോ? ഗവർമ്മെണ്ടിൽനിന്നാണു് കെട്ടിയടക്കുന്നതെങ്കിൽ ഗവർമ്മെണ്ടിനോടു് വാദത്തിനു പോകാം. അവിടേയും ഇവിടേയും ഇരിക്കുന്നവർവന്നു് ദേവസ്വത്തിന്റെ പേരുംപാഞ്ഞു പൊതുവഴി കെട്ടിയടച്ചാൽ വലിച്ചെടുത്തു കളയണം. ഇനിയുള്ള പ്രസംഗമെല്ലാം ഇതാണു്. ഈ വക കുഴപ്പങ്ങളൊന്നും ഇല്ലാതാക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. അയിത്തത്തിനു മാക്സിമിക്കു് ബോമ്പു് ഇടേണ്ട കാലം വന്നിരിക്കുന്നു (ചിരി) നവീനാശയം നടപ്പാക്കാനുള്ള ദൃഢമായ നിശ്ചയവും ഒരുക്കവുമാണു് ആ ബോമ്പു്. ഈ പ്രമേയം സനാതനികളും യാഥാസ്ഥിതികന്മാരും എല്ലാം യോജിച്ചു പാസ്സാക്കണം.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഡപ്യൂട്ടി പ്രസിഡണ്ടു്, പ്രജാമണ്ഡലം പാർട്ടിയുടെ പേരിൽ ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ലോകത്തിൽ നമുക്കാലോചിക്കുവാനോ ചിന്തിക്കുവാനോ സാധിക്കാത്ത മാറ്റങ്ങൾ നിമിഷംപ്രതി വന്നുകൊണ്ടിരുന്നിട്ടും കൊച്ചിയെ സംബന്ധിച്ചിടത്തോളം അയിത്തം, തീണ്ടൽ ഈ വക കാര്യങ്ങളിൽ യാതൊരു മാറ്റവും വന്നിട്ടില്ലെന്നു പറയുന്നതു് അധഃകൃതസമുദായത്തിനെന്നല്ല, അതുപോലെ അയിത്തംകൊണ്ടും തീണ്ടൽകൊണ്ടും തൊടാൻ പാടില്ലാത്ത സമുദായങ്ങൾക്കും, രാജ്യത്തിനൊട്ടുക്കും ഉള്ള ഒരു പമാനമാണു്, ഒരാപത്തുകൂടിയാണെന്നാണു് ഞങ്ങളുടെ വിശ്വാസം. (ഹിയർ, ഹിയർ)

സർ, ഞങ്ങൾക്കു ചില ബലമായ അഭിപ്രായങ്ങളെല്ലാമുണ്ടു്. ഈ രാജ്യത്തിലെ ഏതൊരു സമുദായവും മറ്റു സമുദായങ്ങളോടൊപ്പം വളരുവാനും വികസിക്കുവാനും കഴിവുള്ളവരായിരിക്കുന്നതു രാജ്യക്ഷേമത്തിനാവശ്യമാണെന്നു് ബലമായി വിശ്വസിക്കുന്നവരാണു് ഞങ്ങൾ. അങ്ങിനെ സകല സമുദായങ്ങളും വളർന്നുവന്നാൽ മാത്രമേ ഞങ്ങളുടെ കൺമുൻപിൽ ഉള്ള ലക്ഷ്യത്തിലേക്കു് സംയുക്തമായ സ്വതന്ത്ര ഭാരതത്തിന്റെ ഒരു ഘടകമെന്നനിലയിൽ സാമാന്യജനങ്ങൾക്കു സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തിൽ സമത്വവും ക്ഷേമവും നല്കുന്ന പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തോടുകൂടിയ സമത്വ സുന്ദരമായ കൊച്ചി എന്നതിലേക്കു എത്തുവാൻ സാധിക്കുകയുള്ളുവെന്നു ഞങ്ങൾക്കറിയാം. കമ്മ്യൂണലിസം (വർഗ്ഗീയതാ) ദേശീയതാത്തിനു വിരുദ്ധമാണെന്നു ഞങ്ങൾ വാദിക്കുന്നില്ല പണ്ഡിറ്റു് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുള്ളതു്,

"Honest Communalism is fear, false Communalism is Political reaction (യഥാർത്ഥമായ വർഗ്ഗീയവാദം ഭയത്തിൽനിന്നും അയഥാർത്ഥമായ വർഗ്ഗീയവാദം രാഷ്ട്രീയമായ പിന്തിരിപ്പൻ നയത്തിൽനിന്നുമാണു്)" ഉണ്ടാകുന്നതു് എന്നാണു്. ആ തത്വത്തെ, പണ്ഡിറ്റു്

LIBRARY ARCHIVES Kerala Legislative Assembly

ജിയുടെ ഈ ആദർശത്തെ, മുറുകെപിടിച്ചു ഞങ്ങൾ മുന്നോട്ട പോകുവാൻ വെമ്പുന്നവരാണ്, വർഗീയ സംഘടനയുടെ മനോഭാവത്തെ അനാവശ്യമായി ചോദ്യം ചെയ്യുവാൻ പോകുന്നതു ദേശീയതത്ത്വത്തിന്റെ അടിക്കല്ല പൊളിക്കുന്നതാണെന്നു ഞങ്ങൾക്കറിയാം. ആ വർഗ്ഗീയതാ ദേശീയതത്ത്വത്തിനു വിരുദ്ധമല്ലാത്ത കാലത്തോളം വർഗ്ഗീയതത്ത്വത്തിന്റെ കൂടെ ദേശീയതാം കൈകോർത്തു പിടിച്ചു പോകുമെന്നാണ് ഞങ്ങളുടെ ബലമായ വിശ്വാസം. അതുകൊണ്ട് ഞങ്ങൾ വിവാഹിക്കുന്നതു സമത്വവും സഹോദര്യവും പുലർത്തുന്നതിനു ബദ്ധശ്രദ്ധരെന്നു വാദിക്കുന്നവരെല്ലാം ഞങ്ങളോടൊന്നിച്ചുനിന്നു സർവ്വസമുദായ മൈത്രിയോടുകൂടി ഈ കൊച്ചു കൊച്ചിയെ പരിപുഷ്ടമുത്തരവാദിതഭരണത്തിലേക്കു ഉയർത്തുവാൻ പരിശ്രമിക്കുമെന്നാണ്. മയപ്പെട്ട മാറി നില്ക്കുന്നവരുടെ ഭയം തീർത്തുകൊടുക്കുവാൻ ഞങ്ങൾ ഒരുക്കമാണ്. ചില സമുദായങ്ങളിൽനിന്നു മറ്റു ചില സമുദായങ്ങളെ അകറ്റി നിറുത്തുന്ന ആചാരങ്ങൾ ഇല്ലാതെയാക്കണമെന്ന ഞങ്ങളുടെ ആവശ്യം നേടുവാൻ ഏതൊരു ത്യാഗത്തിനും ഞങ്ങൾ ഒരുക്കമാണ്. അയിത്തം ഇല്ലാതാകുമോ എന്നതിനെ സംബന്ധിച്ചു എനിക്കു സംശയമില്ല. ഇന്നുവരെ അതില്ലാതെയാകാഞ്ഞതു നമ്മുടെ ദോഷംകൊണ്ടാണ്, എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. സർ, ഈ അവസരത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

ഈ അയിത്തോച്ചാടന പ്രമേയം രണ്ടുപ്രാവശ്യം ഈ സഭയിൽ പാസ്സാക്കിട്ടുണ്ട്. ശരി പക്ഷത്തോടുകൂടിയല്ല, യാതൊരു എതിർപ്പും കൂടാതെ പാസ്സാക്കിയിട്ടുള്ളതായി ഞാൻ ഓർക്കുന്നുണ്ട്. എതായാലും കൊല്ലങ്ങൾക്കു മുമ്പ്, ഫ്രഞ്ച് ഇന്ത്യൻ-ൽ ആണെന്നു തോന്നുന്നു സർ, ആൽബിയൻ ബാനർജി ദിവാൻജിയായിരുന്ന കാലത്തു ഇവിടത്തെ മഹാരാവു തിരുമനസ്സിനെ ഭരണവിഷയത്തിൽ സഹായിക്കുവാൻ ഒരു അഡൈ്വസറി ബോർഡ് ഏർപ്പെടുത്തുന്നതിനു അനുവാദം തരണമെന്നു ബ്രിട്ടീഷ് ഗവർമ്മെണ്ടിലേക്കു എഴുതിയയച്ചതിനു ബ്രിട്ടീഷ് ഗവർമ്മെണ്ടു കൊടുത്ത മറുപടി മഹാരാജാവു തിരുമനസ്സിനെ അപകടത്തിലേക്കു വലിച്ചുകൊണ്ടുപോകുന്ന ഒരു പടിയാണ് അതു; ആലോചിച്ചു മാത്രമേ ചെയ്യാവു; അല്ലെങ്കിൽ രാജ്യം അപകടത്തിലാകും. അങ്ങിനെ ചെയ്യുന്നതു നിലവിലുള്ള ഉടമ്പടികൾക്കു വിരുദ്ധമാകും എന്നാണു. അന്നത്തെ മഹാരാജാവിനു അതുപോലും സാധിച്ചില്ല. അതുകഴിഞ്ഞു 50 കൊല്ലം കഴിയാറായ ഇപ്പോൾ പ്രജായത്ത ഭരണത്തിന്റെ പേരിൽ ചില വകുപ്പുകളെ ഭരിക്കുവാൻ ഒരു മന്ത്രി അപ്പുറത്തിരിക്കുന്നതായ കാഴ്ച നമുക്കു കാണുവാൻ സാധിക്കുന്നു. ഞാനിതു പറഞ്ഞു വന്നതു ഒരു പ്രത്യേക കാര്യം ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതിനായിട്ടാണ്.

നമ്മുടെ രാജ്യത്തോടു തൊട്ടുകിടക്കുന്ന തിരുവിതാംകൂറിലെ മഹാരാജാവു തിരുമനസ്സുകൊണ്ട് അവിടത്തെ രാജ്യത്തിൽ ഉള്ള ക്ഷേത്രങ്ങളിൽ സകല ജാതിക്കാർക്കും പ്രവേശിക്കുവാൻ വിരോധമില്ലെന്നുള്ള ഒരു വിളംബരം പാസ്സാക്കി. അതു പ്രജായത്ത ഭരണത്തിലേക്കുള്ള അവിടത്തെ ജനങ്ങളിൽ വലിയ ഒരു വിഭാഗത്തിന്റെ തള്ളിക്കയറ്റത്തെ തടുക്കാലത്തേക്കെങ്കിലും ഒന്നു തടഞ്ഞു നിറുത്തുവാനായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. 'വിൻടർടൺ' (Earl of Winterton) പ്രഭുവിന്റെ അസന്നിശ്ച ഭാഷയിലുള്ള പ്രസ്താവനക്കുശേഷവും പല സ്ഥലങ്ങളിലും ഉത്തരവാദിതഭരണസമ്പാദനത്തിനുള്ള ജനങ്ങളുടെ ആവശ്യത്തെ മേൽക്കോയ്മയുമായുള്ള ഉടമ്പടികളുടെ തണലിൽനിന്നു എതുക്കുന്ന കാഴ്ച ഒരു പുറത്തു നാം കണ്ടുകൊണ്ടിരിക്കെ, മേൽക്കോയ്മയുടെ തടസ്ഥമില്ലാതെ ഉത്തരവാദ ഭരണത്തിലേക്കു പോകാമെന്നു നമ്മുടെ രാജ്യത്തെ ഗവർമ്മെണ്ടു കാണിക്കുന്നു. നമ്മുടെ നാട്ടിന്നാപത്തായി കാണുന്ന അയിത്തം ഉത്തരവാദ ഭരണത്തിലേക്കു കാലടിവക്കാത്ത സ്ഥലങ്ങളില്ല. ഇതൊക്കെ കാണുമ്പോൾ അതുകൊണ്ടു ഒരു സംശയം. ബിക്കാനീർ മഹാരാജാവു ബോമ്പെയിൽവെച്ചു നടന്ന നാട്ടരാജാക്കന്മാരുടെ ഒരു സമ്മേളനത്തിൽ പ്രസ്താവിച്ചു. "It is necessary that kisses should go in hand with kicks to suppress the National movements in States" നമ്മെ ചുംബിക്കുകയും, താഡിക്കുകയും ചെയ്യൽ മാത്രമേ നാട്ടരാജ്യപ്രജകളെ ഉത്തരവാദിതഭരണപ്രക്ഷോഭണത്തിൽ അടക്കിനിറുത്തുവാൻ സാധിക്കുകയുള്ളൂ" എന്ന ആ തത്വമനുസരിച്ചു് ചില വശത്തു ചുംബനങ്ങളും ആനുകൂല്യങ്ങളും ചിലവശത്തു താഡനവും അടിച്ചമർത്തലും ചേർന്നുള്ള ഭരണമാണു് നാം കാണുന്നതു്. ഇതു നാം സൂക്ഷിക്കണം "ഗ്രീക്കുകാർ സമ്മാനങ്ങൾ കൊണ്ടുവരുമ്പോളാണ് ഞാനവരെ പ്രത്യേകിച്ചും ഭയപ്പെടുന്നതു" എന്ന ലത്തീൻ വചനം നാം എപ്പോളും ഓർക്കണം.

എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ പറഞ്ഞു, ഞങ്ങൾക്കഫ്തയുണ്ടെന്നു തെളിയിക്കുവാൻ സാധിക്കുമെന്നു്. നമുക്കു അതിനുള്ള ശക്തിയുണ്ടെന്നു് അദ്ദേഹം പറഞ്ഞു. അതു ശരിയായ ഒരു അഭിപ്രായമാണെന്നാണ് ഞങ്ങളുടെ ബലമായ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധ്യരെ പ്രവാശ്യം കൊച്ചി ഗവർമ്മെണ്ടിനോടാവശ്യപ്പെട്ടിട്ടും ഈ കാര്യം ചെയ്യാതിരിക്കുവാൻ കാരണമെന്താണെന്നാണ് ഞാൻ ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനോട് ചോദിക്കുന്നതു്. നമുക്കു ഇടക്കു എറിഞ്ഞു തരുന്ന അപ്പക്കഷണങ്ങൾ ജനങ്ങളെ ബാക്കിയുള്ള അവകാശവാദങ്ങളിൽനിന്നു അടക്കിയൊതുക്കി നിറുത്തുവാനുള്ള ഒരു സംരംഭമേല്ലേ എന്നാണ് എനിക്കു ഗവർമ്മെണ്ടിനോട് ചോദിക്കുവാനുള്ളതു്. ഞങ്ങൾക്കു ബഹുമാനപ്പെട്ട സാമാജികന്മാരോട് പറയുവാനുള്ളതു നമ്മുടെ അവകാശ സമ്പാദന സംരംഭങ്ങളുടെ മദ്ധ്യിൽ ഈ ചെറിയ അപ്പക്കഷണങ്ങൾ തടസ്ഥമായി കിടപ്പാൻ നിങ്ങൾ അനുവദിക്കരുതെന്നാണ്. അതുകൊണ്ടു് ബഹുമാനപ്പെട്ട കണയന്നൂർ മെമ്പരോടും, അദ്ദേഹത്തെപ്പോലെയുള്ള ആളുകളോടും എനിക്കു പറയുവാനുള്ളതു്—അവകാശങ്ങൾ പിടിച്ചെടുക്കുവാൻ എന്നും സാധിക്കുവാൻ പ്രാപ്തിയുള്ളവരാണ് നമ്മൾ; സഹനസജ്ജത കാണിക്കുന്നവരാണ് നമ്മൾ; ത്യാഗം ചെയ്യുവാൻ തയ്യാറുള്ളവരാണു് നമ്മൾ എന്നദ്ദേഹം വിശ്വസിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു. ഈ പ്രാവശ്യംകൂടി ഇങ്ങിനെ പ്രമേയം അവതരിപ്പിക്കുക ആലോചിക്കുവാൻ സമയം കൊടുക്കുക. അതിനാശേഷം, നമുക്കുവേണ്ടി ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ പറയുന്ന ശക്തി ഉപയോഗിച്ചു ഗവർമ്മെണ്ടിനെക്കൊണ്ടു് അതു സ്വീകരിപ്പിക്കുവാൻ നോക്കുക. എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ ജനകീയ ശക്തിയെ തടയുവാൻ ഇന്നു ലോകത്തിൽ വേറെ ഒരു ശക്തിയുമില്ല. അതു പരമാർത്ഥമാണെന്നുള്ളതു് ഇന്നത്തേയും ഇന്നലത്തേയും അനുഭവംകൊണ്ടു് നാം പഠിച്ചു കഴിഞ്ഞു. ഇക്കാര്യത്തിൽ എല്ലാവരുംകൂടി ഒരുമിച്ചു പ്രവർത്തിക്കണം. ഈ സഭയിൽ വെറുതെ പ്രമേയം പാസ്സാക്കിയാൽ മാത്രം പോരാ; അതുകൊണ്ടു് കാര്യമില്ല. അതു നടപ്പിൽ വരുത്തുന്നതിനു് എന്തെല്ലാം പരിപാടികളുണ്ടോ അതെല്ലാം സ്വീകരിക്കുന്നതിനു സകല സമുദായങ്ങളും ഒത്തൊരുമിച്ചു് പ്രവർത്തിക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ പ്രമേയത്തെ ഞാൻ പ്രജാമണ്ഡലം പാർട്ടിയുടെ പേരിൽ ബലമായി പിൻതാങ്ങുന്നു.

*മിസ്റ്റർ സി. എസ്സ്. പണിക്കർ: എല്ലാ പ്രമേയങ്ങളേയും സർവ്വശക്തികളോടുകൂടിയും പിൻതാങ്ങുന്നുവെന്നുള്ള കൃത്യമാണ് സാധാരണ നാം നിർവ്വഹിച്ചുവരാറുള്ളതു്. എന്നാൽ ഈ പ്രമേയത്തെ സന്തോഷസമനചിതമാണോ പിൻതാങ്ങേണ്ടതു് എന്നു ഞാൻ സംശയിക്കുന്നു. ഇങ്ങിനെ ഒരു പ്രമേയം പരിഷ്കാരത്തിന്റെ അത്യുന്നതസ്ഥാനത്തെ അലങ്കരിക്കുന്ന കൊച്ചി രാജ്യത്തു് അവിർഭവിക്കേണ്ടിവന്നുവല്ലോ എന്നുള്ള ഒരു വിഷാദമാണ് ഇതിനെക്കുറിച്ചു് ചർച്ച ചെയ്യുമ്പോൾ ആദ്യമായി തോന്നുന്നതു്. മറ്റേതെങ്കിലും നാട്ടുരാജ്യങ്ങൾ എന്നതന്നെയല്ല, ബ്രിട്ടീഷ് പ്രവിശ്യകൾ പലതും മാതൃകാസ്ഥാനമായി സ്ഥാപിച്ചുവരുന്ന നമ്മുടെ ഈ രാജ്യം ഏറ്റവും പൈശാചികവും അന്ധകാരജഡിലവുമായ അനാചാരങ്ങളെ പുലർത്തിക്കൊണ്ടുപോകുവാൻ കാണിച്ചുവരുന്ന—നാണമില്ലായ്മയെന്നാണ് ഞാൻ അതിനു പേരുകൊടുക്കുന്നതു്—അകാംക്ഷ എത്രമാത്രം നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുമെന്നു് നമുക്കു കാണുവാൻ സാധിക്കും. ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ പറയുകയുണ്ടായി, പഴഞ്ചൻ ശ്ലോകങ്ങളിലാണ് ഈ വക അനാചാരങ്ങളെല്ലാം നിലകൊള്ളുന്നതു് എന്നു്. ശ്ലോകങ്ങൾക്കു് അനാചാരങ്ങളെ ഉൾക്കൊള്ളുന്നതിനു കഴിവുണ്ടെങ്കിൽ അവയുടെ അഭാവംകൊണ്ടല്ല അതെല്ലാം നിലനിൽക്കുന്നതെന്നുകൂടി ഈ സഭയെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ശ്ലോകങ്ങൾ ഉണ്ടായിരുന്നതുകൊണ്ടോ, ശ്ലോകങ്ങൾ വീണ്ടും ആവർത്തിച്ചെഴുതിയതുകൊണ്ടോ ഈ അനാചാരം നമ്മുടെയിടയിൽനിന്നു പോകുന്നില്ല. ഉടനെ അവസരത്തിൽതന്നെ മഹാരാജാവു തിരുമനസ്സിനെക്കൊണ്ടു് ഒരു വിളംബരംമൂലം ഈ അനാചാരത്തെ നിഷ്കാസനം ചെയ്യിക്കുവാൻ സന്നദ്ധമാവുകയാണെന്നുണ്ടെങ്കിൽ തിരുവായും പിന്നീടു വേണ്ടതായ സംരംഭത്തിനു് കണയന്നൂർ മെമ്പർക്കു് വർത്തിക്കേണ്ട ആവശ്യമില്ലെന്നു അദ്ദേഹത്തോടു പറഞ്ഞുകൊള്ളട്ടെ. മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇപ്പോൾ അനുവദിച്ചു കഴിഞ്ഞാൽ അതിനാതെങ്കിലും വിലങ്ങടിച്ചു പ്രവൃത്തിക്കുന്നുണ്ടെങ്കിൽ മാത്രമേ അങ്ങിനെയുള്ള സംരംഭത്തിന്റെ ആവശ്യമുള്ളൂ. അങ്ങിനെയുള്ള സംരംഭത്തിന്റെ ആവശ്യമില്ലെന്നതന്നെയല്ല ഇന്നു് കൊച്ചിരാജ്യത്തിൽ ഒരു സമുദായത്തിലും സവർണ്ണരാകുന്ന സനാതനികൾ എന്നു പറയാവുന്നവരായി ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കൊച്ചിരാജ്യത്തെ പ്രവർത്തനത്തിൽ ജനങ്ങളുടെയിടയിൽ യാതൊരു തരത്തിലുള്ള യാഥാസ്ഥിതികതത്വവും കാണുന്നില്ല. അയിത്തം ആചരിക്കണമെന്നു പറഞ്ഞാലാണ് കൊച്ചീക്കാരനു കൂടുതൽ ബുദ്ധിമുട്ടു്. അയിത്തം ആചരിക്കാവുള്ളതു സ്വയമേവ അവർ സ്വീകരിച്ചിട്ടുള്ളതാണ്. കുറെ വല്ലതും ബാക്കിയുള്ളതു് നാം ഇവിടെവെച്ചുതന്നെയാണ്

*Speech not corrected by the Hon'ble Member.

നിഷ്കാസനം ചെയ്യേണ്ടതു്. ഇവിടെനിന്നു തള്ളിയാൽ അതു തിരുവിതാംകൂറിലേക്കു പോകുകയില്ല. അവിടെ മുമ്പുതന്നെ ഇതിന്റെ പ്രവർത്തനം കഴിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ രാജ്യത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുവാൻ വേണ്ടിയെങ്കിലും, രാജ്യത്തിലെ വിവിധ സമുദായങ്ങളുടെ അഭിമാനത്തെ സംരക്ഷിക്കുവാൻ വേണ്ടിയെങ്കിലും, സമുദായങ്ങൾ തമ്മിൽ യാതൊരു വിധത്തിലുള്ള അന്തഃഛിദ്രങ്ങൾക്കും ഇടയുണ്ടാകരുതെന്നുള്ള പരമ കാരുണികനായ മഹാരാജാവു തിരുമനസ്സിലെ ആഗ്രഹസാദ്ധ്യത്തിനു മാത്രമായിട്ടു് ഈ വിളംബരത്തെ ഉടനടി പ്രഖ്യാപനം ചെയ്യണമെന്നുള്ള ഒരപേക്ഷയാണു് എനിക്കു് മഹാരാജാവു തിരുമനസ്സിനോടു് ഈ സഭവേഴി ഉണർത്തിക്കുവാനുള്ളതു്. അതുകൊണ്ടു് ഏകീകൃതമായ ഒരപേക്ഷ അവിടെ എത്തിക്കുകയാണെങ്കിൽ തിരുമനസ്സുകൊണ്ടു് അതിനെ സ്വീകരിക്കാതിരിക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. ഇത്രമാത്രം പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഈ സംഗതി അത്യാവശ്യമാണെന്നും അതു ഉടനടി നടപ്പിലാക്കണമെന്നും "യോഗക്ഷേമസഭ" എട്ടോ പത്തോ കൊല്ലമായി ഇടതടവു പാസ്സാക്കുകയും അധികൃതസ്ഥാനങ്ങളിലേയ്ക്കു് അയച്ചു കൊടുക്കയും ചെയ്തിട്ടുണ്ടു്. ആ സഭയുടെ ഒരു മെമ്പർ എന്ന നിലക്കു ഈ വിഷയത്തെ കുറിച്ചുള്ള എന്റെ അഭിപ്രായം ഞാൻ പറയാതെ തന്നെ ഈ സഭയ്ക്കു മനസ്സിലാക്കാം.

എന്നാൽ ഞാനിപ്പോൾ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിനു കുറച്ചു അപകടമുണ്ടു്. എന്റെ മണ്ഡലം ജന്മി മണ്ഡലമാണു്. അതായതു് വോട്ടറന്മാരൊക്കെ കുറെ ജന്മികളാണു്. അതിൽ ഈവക കാര്യങ്ങളെ കുറിച്ചൊക്കെ എന്നല്ല ഈ കൌൺസിൽതന്നെ എന്തിനാണെന്നുള്ള വിവരംകൂടി ഇല്ലാത്ത ആളുകളുമുണ്ടു്. ലോകകാര്യങ്ങളെക്കുറിച്ചു യാതൊന്നും വിവരമില്ലാത്ത അനവധിപേരുണ്ടു്. ഒരുപക്ഷെ ഞാൻ ഇതിനു അനുകൂലിച്ചു പ്രസംഗിച്ചുവെന്നു കേട്ടാൽതന്നെ ഞാൻ അവിടെ തിരിച്ചു ചെല്ലുമ്പോൾ മുഖം വീർപ്പിക്കുന്നവരുണ്ടാകും. എന്തായാലും ഞാൻ ഇതിനെ അനുകൂലിക്കുന്നു. അവർ നിർബ്ബന്ധിക്കുകയാണെങ്കിൽ വേണ്ടിവന്നാൽ ഈ സ്ഥാനം രാജിവെയ്ക്കാമെന്നേ വരികയുള്ളൂ. എനിക്കു ഈ അയിത്തം എന്നു വെച്ചാലെന്താണെന്നു അറിഞ്ഞുകൂടാ. അതിനെ എവിടെ നോക്കിയിട്ടും കാണാനുമില്ല. ഇതു യാതൊരു സ്വത്രുപവുമില്ലാത്ത സാധനമാണു്. പട്ടിയും പൂച്ചയും ഒക്കെ വഴി നടക്കുന്നുണ്ടു്. ആ വഴിയിൽകൂടിതന്നെ മനുഷ്യനു വഴിനടക്കാൻ പാടില്ല, അയിത്തമാകുമെന്നു പറയുന്നവരുണ്ടെങ്കിൽ അവർ പോയി കളിച്ചുകൊള്ളട്ടെ. വഴിനടക്കുന്നവരെ തടയാൻ വല്ല നിയമവുമുണ്ടെങ്കിൽ അതു ഉടനെ എടുത്തുകളയണം. അയിത്തത്തിന്റെ കഴുത്തു വെയ്ക്കണം. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം കൊടുത്തു. അതിന്റെ ഫലമെന്താണെന്നുവെച്ചാൽ അതുകൊണ്ടു എന്റെ സമുദായത്തിനു വലുതായ ബുദ്ധിമുട്ടു നേരിട്ടു. തിരുവിതാംകൂറിൽ പോയി വരുന്നവക്കു ഇവിടെ വലിയ ബുദ്ധിമുട്ടായി.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: ക്ഷേത്രപ്രവേശനം ഇവിടേയും ഉണ്ടായാൽ ആ ബുദ്ധിമുട്ടു തീർന്നില്ലെ?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: അതു ശരിയാണു്. അന്നുതന്നെ രണ്ടു ഗവർമ്മെണ്ടുകളുംകൂടി ആലോചിച്ചു ചെയ്യാത്തതുകൊണ്ടാണു ഈ ബുദ്ധിമുട്ടുകളൊക്കെ. അയിത്താചാരം നിവർത്തലാക്കിയാൽ പിന്നെ ഈ ക്ഷേത്രപ്രവേശനകാര്യത്തിൽ വലുതായ വിഷമം നേരിടുകയില്ല. ഈ അയിത്താചാരം ആക്കുവേണ്ടിയാണു് വെച്ചുകൊണ്ടിരിക്കുന്നതു്. ഇന്നു നൂറു ശതമാനം പേരും അതാചരിക്കുന്നില്ല. ഇതു ആക്കും ആവശ്യമില്ലെങ്കിലും ഒരാചാരമായി ആളുകൾ വെച്ചുകൊണ്ടിരിക്കുകയാണു്. വല്ല കാറിലൊ, വണ്ടിയിലൊ പോയാൽ അയിത്തമില്ല. കാൽനടയായി പോയാലാണതു അയിത്തമുള്ളു. പിന്നെ വേറൊരു കാര്യമുള്ളതു അയിത്താചാരം നിവർത്തലാക്കിയാൽ എല്ലാപേക്കും എല്ലാപേരുടേയും അടുക്കളയിൽ കടക്കാം, അരിവെയ്ക്കാം എന്നൊക്കെ പറയുകയാണെങ്കിൽ അതു ശരിയാകയില്ല. അതിനു കുറേകൂടി കഴിയണം തല്ക്കാലം സാദ്ധ്യമല്ല. എതായാലും ഇതു ഇപ്പോഴത്തെ നിലയ്ക്കു നടപ്പിലാക്കണമെന്നുണ്ടെങ്കിൽ ഒരാൾ മാത്രം വിചാരിച്ചാൽ മതി വേറെ ആരുടേയും സഹായം ആവശ്യമില്ല. അയിത്തം ആചരിക്കാത്ത ആളുകളെ ഇന്നാരെ എങ്കിലും ശിക്ഷിക്കാറുണ്ടോ? അഥവാ ഉണ്ടെങ്കിൽതന്നെ എന്നെ ശിക്ഷിച്ചുകൊള്ളട്ടെ, ഞാൻ അയിത്തം ആചരിക്കുകയില്ല, പണ്ടത്തെ മാതിരിതന്നെയുള്ള സാധനങ്ങൾ അതേരീതിയിൽ ഉപയോഗിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമെങ്കിലേ ഈ അയിത്തം ആചരിക്കേണ്ടതുള്ളു. ഇന്നു ഗുരുവായൂർ ക്ഷേത്രത്തിൽ നിവേദിക്കാൻ കൊണ്ടുവരുന്ന പാൽ റോഡിൽകൂടി കൊണ്ടുവരുന്നതു് ഞാൻ കണ്ടതാണു്. പണ്ടാണെങ്കിൽ ആ പാൽ സ്വീകരിക്കുകയില്ല. ഇന്നതു അവിടെ പായസംവെച്ചു നിവേദ്യം കഴിക്കുന്നുണ്ടു്. അതിനാൽ ക്ഷേത്രങ്ങളിലും പണ്ടത്തെമാതിരി അയിത്തം ഇന്നില്ല. പിന്നെ എന്താവശ്യത്തിനാണു് ഈ അയിത്തം വെച്ചുകൊണ്ടിരിക്കുന്നതു്. ഈ ആചാരം ആരും അനുസരിക്കുന്നുമില്ല. പിന്നെ വെറുതെ വെച്ചുകൊണ്ടു ചില ആളുകളുടെ ചീത്ത കേൾക്കാമെന്നല്ലാതെ വേറെ കായ്ഫലമൊന്നുമില്ല. പിന്നെ നമ്പൂതിരിമാരുടെ ഇടയിൽ ചിലരൊക്കെ അയിത്തമാചരിക്കുന്നവരുണ്ടു്. അവർതന്നെ ആയിരുന്ന ഇത്തരം ആചാരവിരുദ്ധമായ കായ്ഫലങ്ങൾക്കു ശിക്ഷവിധിച്ചിരുന്നതും. എന്നാൽ ഇന്നും അതിനുള്ള അധികാരം അവർക്കുണ്ടെങ്കിലും അതനുസരിക്കാൻ ആളില്ല. വിധിക്കാനെ അവർക്കധികാരമുള്ളു. നടപ്പിലാക്കാൻ അവർക്കധികാരമില്ല. പിന്നെ വിധിച്ചാൽ ആരാണു് ആചരിക്കാൻ. അതിനാൽ ഈ ആചാരം ഇനി വെച്ചുകൊണ്ടിരുന്നിട്ടു യാതൊരാവശ്യവുമില്ല. ചുരുക്കത്തിൽ ഇതിന്റെ ഒക്കെ അന്ത്യം അവസാനം മനുഷ്യരൊക്കെ ഒന്നാണെന്നു വരണം. അതിനു ആദ്യമേ ഈവക ആചാരങ്ങളും നശിക്കണം. അപ്പോൾ സമുദായവഴക്കുകളും നശിക്കും.

ഏതായാലും എന്റെ സമുദായത്തിനുവേണ്ടി ഈ ആചാരം നിലനിറുത്താൻ ഞാൻ ശ്രമിക്കുമെന്നാരും വിചാരിക്കേണ്ട. പിന്നെ ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പറയുകയുണ്ടായി ഇനി അടി കൊടുക്കണം എന്നു്. ഞങ്ങളും അതു മേടിക്കാൻ തയ്യാറില്ല. ഞങ്ങളുംകൂടി അടി കൊള്ളാൻ നിവൃത്തിയില്ല. ഞങ്ങളുടെ സമുദായത്തിലെ ആളുകളുംകൂടി അതിനു ശക്തിയില്ല. അതിനൊക്കെ വല്ല നായന്മാരേയൊ മറ്റോ പിടിച്ചുകൊള്ളുക. ഖാംസ്വിടുകയോ അടിക്കുകയോ എന്തെങ്കിലുമൊക്കെ ആയികൊള്ളുക. അതു അവിടെ എടുത്തും വേണ്ട.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതൊക്കെ വാക്കുകൊണ്ടേ ഉള്ളു.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: അങ്ങിനെയാണെങ്കിൽ എനിക്കു വിരോധമില്ല. ഞാൻ ഇത്രയും പറഞ്ഞു അവസാനിപ്പിക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: സർ, എന്റെ എടത്തുനിന്നും വലത്തുനിന്നും ചണ്ഡപ്രചണ്ഡമായി അടിച്ചു പ്രസംഗധോരണികൾക്കിടയ്ക്കുനിന്നുകൊണ്ടു ഞാൻ ഒരു ചെറു പ്രസംഗത്തിനു ഒരുങ്ങുന്നതു ശരിയല്ലെന്നു് എനിക്കറിയാം. അയിത്തോച്ചാടനത്തിനു എന്നെപ്പോലെ ഉത്സാഹിക്കുന്ന ഒരാൾ വേറെ ഇല്ല. പക്ഷെ അതിനു ഒരു രാജകീയവിളംബരം വേണമെന്നു പറയുമ്പോൾ കുറച്ചു താമസിക്കേണ്ടിവരും. ആരു വിചാരിച്ചാലും അതു തല്ക്ഷണം കിട്ടുകയില്ല. പിന്നെ അയിത്തോച്ചാടനം വേണമെങ്കിൽ അതിനു ഉറച്ചു ശ്രമിക്കണം വെറുതെ പറഞ്ഞാൽ പോരാ. കൂടെശ്ശ പ്രവൃത്തിയിലും കാണിക്കണം. മി. അയ്യപ്പൻ ചെയ്യുന്നുണ്ടോ വീട്ടുവേലയ്ക്കു ഒരു പെരുമനെ സപ്ലൈറാക്കി നിറുത്താൻ. എന്നാൽ ഞാൻ അങ്ങിനെ ചെയ്യുന്നുണ്ടു്. പിന്നെ അവനവന്റെ കായ്ം പറയുകയാണെങ്കിൽ വിരോധമില്ലെന്നു പറയാം. ഇതൊക്കെ പറഞ്ഞു വീട്ടിൽ ചെല്ലുമ്പോഴാണു് തല്ലുകൊള്ളുക. മിസ്റ്റർ ഇട്ടിരവിനമ്പൂതിരി പറഞ്ഞു അദ്ദേഹത്തിനു ഈ ആചാരം ആവശ്യമില്ലെന്നു്. എന്നാൽ അദ്ദേഹത്തിന്റെ അരിവെയ്പുകാരനായി ഒരു നായരെ എന്താണു് നിറുത്താത്തതു്?

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഞാൻ അതു പറഞ്ഞല്ലൊ. അടുക്കളയിൽ കടക്കാനും മറ്റും ഇപ്പോഴും സാദ്ധ്യമാകയില്ലെന്നു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: വീട്ടിൽ സാദ്ധ്യമല്ലെങ്കിൽ ഒറ്റയ്ക്കു താമസിക്കുകയാണെങ്കിൽ ഒരു നായരെ വെച്ചുകൂടെ? അതിനാൽ പറഞ്ഞതുകൊണ്ടൊന്നും കായ്ഫലമില്ല; രാജകീയവിളംബരമൊന്നും ഉണ്ടാകയില്ല. എല്ലാവരുംകൂടി അതിനു വേണ്ടതു പ്രവൃത്തിക്കണം ഇത്രമാത്രമേ ഞാൻ പറയുന്നുള്ളു.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: സർ, ബഹുമാനപ്പെട്ട നമ്പൂതിരി പറഞ്ഞതുപോലെ നമ്പൂതിരി സമുദായത്തിനു ഇതിൽ വിരോധമില്ലെന്നുള്ളതും മഹാരാജാവു തിരുമേനിയെ അറിയിച്ചാൽ ഈ കായ്ം നടപ്പിലാകുമെന്നുള്ളതിൽ സംശയമില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ആ സമുദായക്കാരാണോ ഇതിനെ തടഞ്ഞു നിറുത്തിയിരിക്കുന്നതു്?

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: വാസ്തവത്തിൽ അങ്ങിനെയാണു് ധാരണ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആരെങ്കിലുമൊക്കെ മുമ്പോട്ടുതന്നെ ആ സമുദായക്കാർ ഇതിനായി വാദിച്ചിട്ടുണ്ട്.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഞങ്ങളാവശ്യപ്പെടുന്നതു അടുക്കളയിൽ കടക്കണമെന്നോ മറ്റൊ അല്ല. ഞങ്ങളുടെ സകലവിധമായ അവശതകൾക്കും കാരണം ഈ അയിത്തം ഒന്നുമാത്രമാണു്. അയിത്തമാണു് ഞങ്ങളുടെ സകലവിധ പുരോഗതിയേയും തടയുന്നതു്. ഇപ്പോളിതു ഒരു സമുദായത്തിന്റെ പ്രശ്നമല്ല, ഒരു രാഷ്ട്രീയപ്രശ്നമായിട്ടുണ്ടു്. അതുകൊണ്ടു ആ വിധത്തിൽ നോക്കിയാലും ഗവണ്മെണ്ടിനു ഇതില്ലാതെയാക്കാനുള്ള ഒരു ബാദ്ധ്യതയുണ്ടു്. വാസ്തവത്തിൽ ഈ ജനസാമാന്യത്തോടു ചെയ്യുന്ന വലിയ അനീതിതന്നെ ആണു്. ഈ അനീതി മനുഷ്യസമുദായത്തിന്റെ മേൽ സൃഷ്ടിച്ചുവെച്ച ആ സമുദായക്കാരാരോ അവർതന്നെ വേണം ഇതിനു പ്രതിവിധി നേടാനും. അതിനിടയ്ക്കു അധഃകൃതപ്രതിനിധികളും ഒന്നും മിണ്ടാതെ ഇരിക്കുകയാണെങ്കിൽ അവർക്കിതൊന്നും ആവശ്യമില്ലെന്നു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് തെറ്റിദ്ധരിച്ചുപോകും. ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നു ഞങ്ങളുടെ ഉൽക്കർഷത്തിനായി പല ഏർപ്പാടുകളും ചെയ്യുന്നുണ്ടു്. ആ ഏർപ്പാടുകളൊക്കെകൊണ്ടു ഒരു സമ്പൂർണ്ണമായ ഫലം സിദ്ധിക്കണമെങ്കിൽ ഇപ്പോൾ ഈ പ്രമേയത്തിൽ പറയുന്ന ആ കാര്യംകൂടി സിദ്ധിച്ചാലേ നിവൃത്തിയുള്ളു. മഹാത്മാഗാന്ധി പറയുന്നുണ്ടു്.—

"He has said a thousand and one time that if Hinduism is to survive untouchability should go" അങ്ങിനെ ആയിരത്തിരണ്ടാമത്തെ പ്രാവശ്യവും പറയിപ്പിക്കാതെയിരിക്കയാണു് നല്ലതു്. നമ്മളുടെ ഗവണ്മെണ്ടു് ഒരു പരിഷ്കൃതഗവണ്മെണ്ടാണെന്നു് മറ്റു നാട്ടുരാജ്യങ്ങൾക്കു മുമ്പിൽ സങ്കോചംകൂടാതെ നിവൻനിന്നു പറയുവാൻ സാധിക്കണമെങ്കിൽ ഇങ്ങിനെയുള്ള അവശതകൾ ചില സമുദായങ്ങളുടെമേൽ കെട്ടിവെച്ചിട്ടുള്ളതു നീക്കം ചെയ്യാലെ സാദ്ധ്യമാകൂ. എന്റെ അല്ലെങ്കിൽ ഞങ്ങളുടെ സമുദായത്തിന്റെ, അധഃസ്ഥിതസമുദായങ്ങളുടെ പുരോഗമനത്തിനു തടസ്ഥമായി നില്ക്കുന്ന ഈ ഏർപ്പാടു ഞങ്ങളുടെ സഹായംകൂടാതെതന്നെ, പ്രക്ഷോഭണമൊന്നുംകൂടാതെതന്നെ അതിനു മുമതലപ്പെട്ടവർ അതു നീക്കം ചെയ്യാൻ നോക്കേണ്ടതാണു്. ഒട്ടും കാലതാമസംകൂടാതെതന്നെ അതു നീക്കം ചെയ്യാൻ നോക്കേണ്ടതും അങ്ങിനെ ഞങ്ങളുടെ അഭിമാനത്തെ തടഞ്ഞുനിറുത്തുന്ന അയിത്താചാരത്തെ, അതാചരിക്കുന്നതുകൊണ്ടു അഭിമാനമുണ്ടെന്നു വിചാരിക്കുന്നവരുടെ ആ ദുരഭിമാനത്തെ ഇല്ലാതെയാക്കാൻ അതിനു മുമതലപ്പെട്ടവർ ആരോ അവർ ഇറങ്ങി പ്രവൃത്തിക്കേണ്ടതാണു്.

ഞാൻ കൊച്ചിരാജ്യത്തിലെ ഒരു പ്രജയാണു്, തിരുവിതാംകൂറിലേയും ഒരു പ്രജയാണു്. ഞാൻ അവിടെ ചെല്ലുകയാണെങ്കിൽ എനിക്കയിത്തമില്ല. എന്നാൽ ഇവിടെ എനിക്കു അയിത്തമുണ്ടുതാനും. ജാതിയുടെ കാര്യം നോക്കുകയാണെങ്കിൽ രണ്ടിടിക്കിലും ഒന്നുതന്നെയാണു്. നമ്മളുടെ അയൽരാജ്യമായ തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം കൊടുത്തതുപോലെയുള്ള ഒരു കാര്യമല്ല നമ്മൾ ഇപ്പോൾ ആവശ്യപ്പെടുന്നതു്. അയിത്തം മാറുകയാണു് നമ്മളുടെ ആവശ്യം. അയിത്തം മാറുകയാണെങ്കിൽ മറ്റെല്ലാ അവശതകളും താനെ മാറിക്കൊള്ളും. ക്രമേണ അടുക്കളയിലും കയറിക്കൊള്ളും. ഇപ്പോൾതന്നെ കയറണമെന്നു ശാഠ്യം പിടിക്കുന്നില്ല. ഈ അയിത്താചാരം മാറിയാൽ സകല സാമുദായികാവശതകളും മാറിക്കൊള്ളും. അതിനാൽ ഈ പരിഷ്കാരം നടപ്പിൽവരുത്തണമെന്നാണു് ഞാൻ അപേക്ഷിക്കുന്നതു്.

മിസ്സ് ആനി ജോസഫ്: സർ, അയിത്തം ഒരു നിയമമല്ല. അതുവെറും ആചാരമാണു്. ഈ റസല്യൂഷൻ കണ്ടപ്പോൾ എനിക്കു സംശയമുണ്ടായി. ഇതൊരു വെറും ആചാരം മാത്രമല്ലെ, നിയമമല്ലല്ലൊ. പിന്നെന്തിനാണു ഒരു രാജകീയ വിളംബരംമൂലം ഇതില്ലാതെ ആക്കണമെന്നു പറയുന്നതെന്നു്. എന്നാൽ ആചാരത്തിനു ക്രമേണ പ്രാബല്യം സിദ്ധിച്ചു മറക്കം കൂടിക്കൂടി വരുമ്പോൾ അതു നിയമമാണോ, ആചാരമാണോ എന്നു സംശയിക്കത്തക്ക വലുപ്പം അതിനുണ്ടാകും. അങ്ങിനെ വളർന്നുവന്ന ജനതാമദ്ധ്യത്തിൽ സ്ഥിരപ്രതിഷ്ഠലഭിച്ചു അനുസരിച്ചുകൊള്ളണം എന്നു നിർബ്ബന്ധിക്കപ്പെട്ടവരുന്ന ഒരനാചാരമാണു ഈ അയിത്താചാരം. അതുകൊണ്ടാണു ഒരു രാജകീയ വിളംബരംകൊണ്ടു ഇതു നിഷ്കാസനം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. വാസ്തവത്തിൽ ഇതു അത്യാവശ്യമായിട്ടുള്ള ഒരു പരിഷ്കാരമാണെന്നു വ്യക്തമാണു്. ഇങ്ങിനെ ഒരു വിളംബരം പുറപ്പെടുവിക്കാതെതന്നെ പരമാർത്ഥത്തിൽ ഈ ആചാരം ഇല്ലാതെയാക്കത്തക്ക ഒരു നില ഇതിന്റെ ആവശ്യക്കാരും അവരെ സഹായിക്കാൻ സന്നദ്ധതയുള്ളവരും കൂടി സൃഷ്ടിക്കേണ്ടതാണു്. ഒരു കൊല്ലങ്ങൾക്കു മുമ്പു എറണാകുളത്തു നടന്ന ഒരു കഥ ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു. ഒരു അരയത്തി ഒരു

LIBRARY ARCHIVES Kerala Legislative Assembly

കൊട്ടമീനുമായി വഴിയിൽക്കൂടി പോകുകയായിരുന്നു. ആ സമയത്തു ഒന്നു രണ്ടു ബ്രാഹ്മണസ്ത്രീകൾ കൂടികഴിഞ്ഞു പരിശുദ്ധകളായി—എന്നാണുവെയ്പു—അരയത്തിക്കു എതിരേവരികയായിരുന്നു. ഒരരയത്തിയെ കാണുന്നതുതന്നെ ദുഃഖം. പോരെങ്കിൽ തലയിൽ ഒരു കൊട്ട മീനും. പിന്നെ പറയണോ. ബ്രാഹ്മണസ്ത്രീകളെ കണ്ടിട്ടു മാറാതെ വരുന്നതു കണ്ടപ്പോൾ വഴിമാറാൻ അവർ ആജ്ഞാപിച്ചു. ഉടനെതന്നെ അവൾ അവിടെ നീണ്ടു നിവർന്നുനിന്നു മനസ്സിലില്ലെന്നു പറഞ്ഞു. അവർ ബഹളംകൂട്ടി തുടങ്ങിയപ്പോൾ അവൾ പറഞ്ഞു: അധികം പറഞ്ഞാൽ ഈ കൊട്ട നിങ്ങളുടെ തലയിൽ വീഴുമെന്നു, ഇതു കേട്ടതോടുകൂടി വീണ്ടും കൂളിക്കേണ്ടിവന്നെങ്കിലോ എന്നു ഭയപ്പെട്ടു ഒന്നുംമിണ്ടാതെ അവർതന്നെ മാറിപോകയും ചെയ്തു. ആ അരയത്തിയെപ്പോലെ അഭിമാനമുള്ള ആളുകളുണ്ടായാൽ ഈ ആചാരം മാറാൻ യാതൊരു വിഷമവുമില്ല. അതായതു വലുപ്പത്തിന്റെ മുമ്പിൽ ഓഛാനിക്കാതെ, നീണ്ടുനിവർന്നുനിന്നു സംസാരിക്കാൻ കഴിയുമെങ്കിൽ എല്ലാ ബുദ്ധിമുട്ടുകളും തീരുമെന്നു ഞാൻ പറയുന്നില്ലെങ്കിലും ഏതാണ്ടൊക്കെ തീരുമെന്നു എനിക്കു വിശ്വാസമുണ്ടു്. വലുപ്പത്തിന്റെ വലുപ്പംകൊണ്ടും സാധുക്കളുടെ ശക്തിക്കുറവുകൊണ്ടും ആണു ഇന്നു ഇങ്ങിനെയുള്ള വലിയ അവശതകൾ അനുഭവിക്കുന്നതിനു സംഗതിയാകുന്നതു്. അതുകൊണ്ടു മറവുള്ളവർ തരുമോ ഇല്ലയോ എന്നു സംശയിക്കാതെ എതിർത്തുനിന്നു മേടിക്കാൻ ആ അരയത്തിയെ ദൃഷ്ടാന്തമായെടുക്കുകയാണെങ്കിൽ വലിയ ഭേദമുണ്ടു്. വലിയ ഉദ്യോഗത്തിന്റെ ഉച്ചിയിലിരുന്നു കീഴോട്ടു നോക്കുമ്പോൾ താഴെയുള്ളവരുടെ ബുദ്ധിമുട്ടുകൾ കാണാൻ കഴിയുകയില്ല. ആദ്യമേ താഴെനിന്നു പടിപടിയായി മുകളിലെത്തുന്ന മേലുദ്യോഗസ്ഥന്മാരാണെങ്കിൽ താഴെയുള്ളവരുടെനില ഏതാണ്ടൊന്നു മനസ്സിലാക്കാൻ സാധിക്കും. ആദ്യമേതന്നെ മുകളിൽ കയററിവെച്ചാലോ താഴെയുള്ളവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കാൻ കഴിയുകയില്ല. അതുപോലെതന്നെയാണു സാധുക്കളായ നമ്മുടെ സഹോദരങ്ങളുടെ പ്രായോഗികബുദ്ധിമുട്ടുകൾ മനസ്സിലാക്കത്തതു ആക്ഷേപാർഹമെങ്കിലും അവർക്കു വാസ്തവത്തിൽ അവർ വലിയ വലിയകാര്യങ്ങളൊന്നും ആവശ്യപ്പെട്ടന്നില്ല. വഴിയിൽക്കൂടി—പട്ടിക്കും,പൂച്ചയ്ക്കും മറെറല്ലാജീവികൾക്കുംനടക്കുവാൻ സ്വാതന്ത്ര്യമുള്ള വഴിയിൽക്കൂടി—അവർക്കു നടക്കാൻ സ്വാതന്ത്ര്യം വേണമെന്നുമാത്രമാണു അവർ ചോദിക്കുന്നതു്. എച്ചു്. ജി. വെൽസു്. പറയുന്നു ഈ യുദ്ധം തണുത്തുപോകും. അന്നു മാനവസമുദായം നശിച്ചുപോകും എന്നു്. പക്ഷേ അതുകൊണ്ടല്ല മാനവസമുദായം നശിക്കാൻ പോകുന്നതു്. അതു മനുഷ്യൻ മനുഷ്യനോടു് മനുഷ്യത്വഹീനമായി പ്രവർത്തിക്കുന്നതുകൊണ്ടാണു്. മുമ്പിൽ ഓഛാനിച്ചു നില്ക്കാതെ പെരുമാറാൻ പഠിച്ചാൽ ഈവക ബുദ്ധിമുട്ടുകളെ ഇല്ലാതെ ആക്കാൻ വിഷമമില്ല. പരമാർത്ഥത്തിൽ ഞാനിതുവരെ നോക്കിയിരുന്നതു ആരൊക്കെയാണു ഇതിനെ എതിർക്കുന്നതെന്നു കാണാനാണു. ഞാൻ വിചാരിച്ചു ജന്മിമെമ്പറായിരിക്കും ഇതിനെ ശക്തിയായി എതിർക്കുക എന്നു്. എന്നാൽ അദ്ദേഹം സമഭാവനയോടുകൂടി സൌഹാർദ്ദമായി സംസാരിക്കുന്നതാണു് കണ്ടതു്. ഇനി ഈ ആചാരം ആക്ഷേവണ്ടിയാണു് എവിടെ ആണ വെച്ചുകൊണ്ടിരിക്കുന്നതെന്നു അറിഞ്ഞുകൂടാ. ഇനി ഇതു ആക്കെങ്കിലും വേണമെന്നു പറയുന്നവെങ്കിൽ അതു ആചാരത്തിനുവേണ്ടിയല്ല വെറുമൊരു വിശ്വാസത്തിനുവേണ്ടി മാത്രമായിരിക്കും. ഇതിനെസംബന്ധിച്ചു ഗവർമ്മേണ്ടുഭാഗത്തുനിന്നു മറുപടി പറയാൻ പോകുന്നതെന്താണെന്നു നമ്മൾക്കറിയാം. ഈ പത്തുപതിനൊന്നു ദിവസത്തെ ഈ കൌൺസിലെ പരിചയംകൊണ്ടു ഗവർമ്മേണ്ടിന്റെ മറുപടി ഒരു ഒഴുക്കൻ പിരിയൻ മറുപടി ആയിരിക്കുമെന്നെനിക്കറിയാം. അവർക്കു വേണ്ടതാണെന്നു തോന്നിയാൽ ശരിയായ മറുപടി പറയാനും അവർക്കറിയാം. ഇതിനു കിട്ടുന്ന മറുപടി ഒരൊഴുക്കൻ പിരിയൻ മറുപടി ആയിരിക്കും. അതായതു തല്ക്കാല പരിതഃസ്ഥിതികൾകൊണ്ടു ഇതിപ്പോൾ ആലോചിക്കാൻ നിവർത്തിയില്ല എന്ന ഒരു മറുപടി ആയിരിക്കും പറയാൻ പോകുന്നതു്. ഒരുപക്ഷേ ഞാനിതു മുൻകൂട്ടി പറഞ്ഞതുകൊണ്ടു അർത്ഥത്തിൽ പിശകാതെ വാക്കുകൾ ആലോചിച്ചും മാററിയെന്നുംവരാം. താല്ക്കാലികമായ പരിതഃസ്ഥിതിയെകുറിച്ചു പറയുകയാണെങ്കിൽ രാജ്യത്തെ സംബന്ധിക്കുന്ന വല്ല രാഷ്ട്രീയകാര്യങ്ങളോ മറെറാ ആണെങ്കിൽ അങ്ങിനെ പറയാം. അല്ലെങ്കിൽ ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുന്ന കാര്യമാണെങ്കിലും സാമാനങ്ങൾക്കു വില കൂടിക്കൂടി വരുന്നതുകൊണ്ടു തല്ക്കാലം നിവർത്തി ഇല്ലെന്നൊക്കെ പറയാം. എന്നാൽ വാക്കുകൾക്കു വിലകൂടീട്ടില്ല. ഗവർമ്മേണ്ടിനു വേണമെങ്കിൽ ഇവക്കെല്ലാപേക്ഷം ഏതുവഴിയിൽക്കൂടിയും നടക്കാൻ അവകാശമുണ്ടെന്നു പൂല്ലുപോലെ പറയാം. അങ്ങിനെ പറയുന്നില്ലെങ്കിൽ അതു വേണ്ടെന്നു വെച്ചിട്ടുതന്നെയാണു്.

നമ്മളുടെ അയൽരാജ്യത്തെപോലെ നമ്മളുടെ രാജ്യവും പരിഷ്കരിക്കണമെന്ന ആഗ്രഹമില്ലാത്തതുകൊണ്ടോ അതോ ആവശ്യമില്ലാത്ത അർത്ഥമില്ലാത്ത ആ ആചാരങ്ങൾ വെച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കണമെന്നുള്ള ആഗ്രഹംകൊണ്ടോ, ഇപ്പോൾ ഇതിനു തീച്ചയായ മറുപടി പറക യില്ലെന്നുള്ള മക്കടമുഷ്ടികൊണ്ടോ എന്തുകൊണ്ടോ മറുപടി പറയാത്തതു എന്നറിഞ്ഞുകൂടാ. പ്രജകളുടെ പ്രതിനിധികളായി വന്നിട്ടുള്ള ഈ സഭയിലെ സകല അംഗങ്ങളും ഒരേ താല്പ ര്യത്തോടുകൂടി ഒരേസ്വരത്തിൽ പറയുന്ന ഈ ആവശ്യം ഗവർമ്മെണ്ടു നിഷേധിക്കുന്നപക്ഷം ഇതിനുമുമ്പു പലകാര്യങ്ങളേയും നിഷേധിച്ചുപോലെ നിഷേധിക്കുന്നപക്ഷം, വെറും ഒഴുക്കൻ പിരിയൻ മറുപടിപറഞ്ഞു ഞങ്ങളെ ക്ഷീണിപ്പിക്കുന്നപക്ഷം അതു നിങ്ങൾ ഈ സഭയെ അപമാനിക്കുകയായിരിക്കുമെന്നെ എനിക്കു പറവാനുള്ളു. ഞങ്ങൾക്കു നിങ്ങളോടു അല്ല മെങ്കിലും ബഹുമാനമുണ്ടെങ്കിൽ അതു പാലിക്കുവാൻ ഞങ്ങളെ സഹായിക്കയാണു് വേണ്ടതു്. ഈ പ്രമേയത്തെ ശക്തിയായി ഞാൻ പിന്താങ്ങുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, എനിക്കു പറയാനുള്ളതൊക്കെ മിസ്റ്റർ അയ്യപ്പൻ പറഞ്ഞുകഴിഞ്ഞു. എങ്കിലും ഇങ്ങിനെയുള്ള ഒരു പ്രമേയം ഈ കൌൺസിലിൽ വന്നിരിക്കുമ്പോൾ ഞാൻ അതുകേൾക്കുവാൻ ഇവിടെ ഇരിക്കുമ്പോൾ ഇങ്ങിനെയുള്ള കാര്യങ്ങൾ ഏറെവുമധികം അനുഭവിക്കാനിടവന്നിട്ടുള്ള എനിക്കും രണ്ടുവാക്കുപറയാതെ തരമില്ല. മി. കണ്ണൻപറഞ്ഞ ചില ചായപ്പീടികകളിൽചെന്നാൽ അവിടെനിന്നു പുറത്താക്കും, അസഭ്യ വാക്കുകൾ പറയും, പിന്നീൽ ഇരിക്കേണ്ടതായിവരും, ഗ്ലാസ്സുകഴുകിക്കും എന്നും മറ്റും. അങ്ങി നെയുള്ള നിസ്സാരകാര്യങ്ങൾ അല്ല ഞാൻ അയിത്തോച്ചാടനത്തിന്റെ മുമ്പിൽ വിലങ്ങടിച്ചു കാണുന്നതു്. അതുപോലെയുള്ള കാര്യങ്ങൾക്കു ശരിയായ മറുപടി അപ്പോൾതന്നെ ചായക്ലബ്ബിൽ വെച്ചാണെങ്കിൽ അതു ചായക്ലബ്ബിൽവെച്ചുതന്നെ റോഡിലാണെങ്കിൽ ആ റോഡിൽ വെച്ചുതന്നെ നമ്മൾ മറുപടിപറയേണ്ടതാണു്. എന്നോടുതന്നെ വഴിയിൽനിന്നു മാറാൻ പല അവസരങ്ങളിലായി പലരും പറഞ്ഞിട്ടുണ്ടു്. ഞാൻ മാറാൻ കൂട്ടാക്കാത്തതുകൊണ്ടു അവർ എന്നോടു ആഭാസവാക്കുകൾ പറയുകയും ഞാനും അതേഭാഷയിൽ കുറച്ചു കടുന്മീ തിയിൽ മറുപടി കൊടുക്കുകയും, അതുപോലെ കൈപ്രയോഗം വരുന്നസമയത്തും ഞാനും കൈപ്രയോഗം നടത്തുകയുംചെയ്യാറാണു് പതിവു്. അല്ലാതെ ഈ നിസ്സാരകാര്യങ്ങൾക്കു് നാം യാതൊരു സ്ഥാനവും കല്പിച്ചുകൊടുക്കരുതു്. അതെല്ലാം നമ്മളുടെ ബലഹീനതയെ യാണു് കാണിക്കുന്നതു്. സാധാരണ ഇന്നേതു സമുദായത്തിൽപെട്ടവരായാലും പ്രസംഗിക്കും അയിത്തോച്ചാടനം വേണം; ക്ഷേത്രപ്രവേശനം വേണം; അതിനു് ഞങ്ങളൊക്കെ അനുകൂ ലികളാണു്, ഉടനെ നടപ്പിലാക്കണം. മഹാരാജാവിന്റെ തടസ്ഥം മാത്രമേയുള്ളു എന്നും മറ്റും. പക്ഷെ പ്രവൃത്തിയിലേക്കുവരുമ്പോൾ അവരുടെ നിറംമാറും; മുഖംവാടും. അവിടെ യാണു് അവരുടെ ശരിയായ നിറം നിഴലിച്ചുകാണുക. ഉദാഹരണംപറഞ്ഞാൽ ഒരു സിംഹ ത്തിന്റെ രക്തനാഡിയും, ഒരു കുറുക്കന്റെ രക്തനാഡിയും, ഒരു പശുവിന്റെ രക്തനാഡിയും ഒരാടിന്റെ രക്തനാഡിയും, ഒരു പുലിയുടെ രക്തനാഡിയും, ഒരു ചെന്നായുടെ രക്തനാഡി യും എടുത്തു ഒന്നിച്ചു മേശപ്പുറത്തുവെക്കുക. അതുകാണുമ്പോൾ ഒക്കെ ഒരുപോലെയാണു് യാതൊരു വ്യത്യാസവും തോന്നുകയില്ല. എല്ലാം രക്തനാഡികൾ. എന്നാൽ അതിനുശേ ഷം ആ രക്തനാഡികൾ തിരിയെ ഒരു സിംഹത്തിന്റെതു സിംഹത്തിന്റെ ചെന്നായുടേതു ചെന്നായുടെ രൂപമെടുത്തു അതുടനെ പശുവിന്റെമേൽ ചാടിവീണു അതിനെക്കൊന്നു തിന്നുന്നതുകാണാം. ഒരു ചെന്നായുടെ രക്തനാഡി അതിന്റെ ദേഹത്തിൽ തിരിയെവെ ച്ചാൽ അതുടനെ ആടിന്റെമേൽ ചാടിവീണു അതിനെ കൊന്നുതിന്നുന്നതുകാണാം. ഇങ്ങ നെ കാഴ്ചയിൽ യാതൊരു വ്യത്യാസവുമില്ലാത്ത സിംഹത്തിന്റെയും ചെന്നായുടേയും, പശു വിന്റേയും, ആടിന്റേയും രക്തനാഡികൾ ശരിയായ രൂപം എടുക്കുമ്പോൾ അവയുടെ സ ഭാവം മാറുന്നു, നിറം മാറുന്നു. ഈ സവർണ്ണഹിന്ദുക്കളുടെ സ്വഭാവവും ഇതുതന്നെയാണു്. "അണ്ടിയോടടുക്കുമ്പോൾ അറിയാം മാങ്ങയുടെ പുളി" എന്നാണു് അവരുടെ അഭിമതം. വാസ്തവത്തിൽ ഈ യാഥാസ്ഥികന്മാരായ സവർണ്ണഹിന്ദുക്കൾ ക്ഷേത്രപ്രവേശനകാര്യത്തിൽ അവരുടെ അഭിമാനം രക്ഷിക്കുന്നതിനുവേണ്ടി, അവരുടെ അധികാരം നിലനിറുത്തുന്നതിനു വേണ്ടി, സ്വാർത്ഥോദ്ദേശത്തോടുകൂടി ക്ഷേത്രപ്രവേശനപ്രക്ഷോഭണം ആരംഭിക്കട്ടെ; സവർണ്ണർ ഈ പ്രസംഗിക്കുന്നതുപോലെതന്നെ സംഘടിതരായി അവരുടെ അഭിമാനസംരക്ഷണം തന്നെയാണു് ക്ഷേത്രപ്രവേശനവിഷയം എന്നവിശ്വാസത്തോടുകൂടി പ്രവൃത്തിക്കാൻ തീരു മാനിച്ചാൽ അപ്പോൾകാണാം ഈ ക്ഷേത്രപ്രവേശനവും അയിത്തോച്ചാടനവും മറ്റും നട പ്പിൽ വരുന്നതു്. അല്ലാതെ അവരുടെ പ്രസംഗത്തിലൊ, പ്രമേയത്തിലൊ, പ്രാർത്ഥനയി ലൊ എനിക്കുവിശ്വാസമില്ല. ഞാൻ വിശ്വസിക്കുകയുമില്ല. പ്രവർത്തിയിൽ ശരിയായി തെളിഞ്ഞുകാണട്ടെ ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ റസലൂഷനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ പ്രസിഡണ്ട്, സർ, ഈ പ്രമേയത്തെ പിന്താങ്ങുന്നതു് ഇതൊരു വഴിനടപ്പിനുള്ള കായ്മമായതുകൊണ്ടുമാത്രമല്ല. വഴിനടപ്പിനു ഇന്നു വലിയ ബുദ്ധിമുട്ടൊന്നുമില്ല. ഇതിൽ ഏറ്റവും ഗൌരവാവഹമായ സംഗതി അയിത്തമാണു്. നമ്മുടെ നാട്ടിൽ ഇന്നും അതു പരിക്കുന്നുണ്ടു്. പലവിഷമതകളുമുള്ള ഈ സംഗതി രാജ്യത്തുനിന്നു നിഷ്കാസനം ചെയ്യുവാനായി കുറെ അരയത്തികൾമാത്രം ഉണ്ടായാൽപോര. ബഹുമാനപ്പെട്ട തുഴിവപേത്തർ വനിതാമെമ്പർ പറഞ്ഞതുപോലെ അയിത്തത്തെ ഇല്ലാതാക്കുന്നതിനു കുറച്ചരയത്തികൾമാത്രം പരിശ്രമിച്ചാൽപോരാ രാജ്യത്തുള്ള സകല ആളുകളും അരയത്തിയെ മാതൃകയായി എടുത്തുപരിശ്രമിച്ചിരുന്നെങ്കിൽ തീച്ചയായും ഈ അയിത്തത്തെ ഇവിടെനിന്നു നിഷ്കാസനംചെയ്യുവാൻ സാധിക്കുമായിരുന്നു. അരയസ്ത്രീക്കു അങ്ങിനെയുള്ള ഒരു പാരമ്പര്യമുണ്ടാകുവാൻ കാരണമുണ്ടു്. ഒരു മത്സ്യപിടുത്തക്കാരന്റെ മകളായ കാളിഅരയത്തിയെ ആ രാജ്യംവാണിരുന്ന ശന്തനുമഹാരാജാവു കണ്ടു് മോഹിക്കുകയും അവളെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുകയുംചെയ്തു. അഭിമാനവതിയായ ആ സ്ത്രീ മഹാരാജാവിനോടുപറഞ്ഞതു് കേവലം ഒരു സംബന്ധക്കാരിയായിരിക്കുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും എന്നാൽ രാജാവിന്റെ ധർമ്മപത്നിയായിരിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെന്നുമാണു്. മകൻ തൊട്ടാൽ കളിക്കുന്ന അച്ഛന്റെ സംബന്ധക്കാരിയായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ലെന്നും രാജ്യത്തിന്റെ അവകാശിയായിരിക്കണം എന്റെ പുത്രനെന്നും അഭിമാനത്തോടുകൂടി പറഞ്ഞ അരയസ്ത്രീയുടെ പരമ്പരയാണു് ഇന്നു വഴിമാറാൻ ക്ലേശമതെ തന്റേടത്തോടുകൂടി നിവർന്നു സമാധാനം പറയുന്ന മീൻപിടുത്തക്കാരായ അരയത്തികളും അങ്ങിനെയുള്ള ധീരവും ആത്മാഭിമാനസമ്പന്നരുമായ പാരമ്പര്യമുള്ള ഒരു സ്ത്രീ തീർച്ചയായും ബ്രാഹ്മണസ്ത്രീകളല്ല ക്ഷത്രിയസ്ത്രീകൾതന്നെ വന്നാലും വഴി മാറിക്കൊടുക്കയില്ല. എന്നാൽ അങ്ങിനെയുള്ള അരയത്തികളല്ല നിർഭാഗ്യവശാൽ ഇന്നിവിടെയുള്ളതു്. അയിത്താചാരം മാറണമെങ്കിൽ അരയസ്ത്രീയെടുത്തനില മറവുള്ളവരും എടുക്കണം.

ഈ അയിത്തം നിലനിന്നുപോകുന്നതു അധികവും രാജധാനികളോടടുത്താണു്. അതുകൊണ്ടു് അതിനെ ഇല്ലായ്മ ചെയ്യുന്നതിനു ഒരു രാജകീയവിളംബരംതന്നെ അത്യാവശ്യമാണു്. ഞാൻ അടുത്താരു ദിവസം തുറ്റുണിത്തുറക്കുപോയിരുന്നു. ഇപ്പോഴും ആളുകൾ അവിടെ അഹ! ഹാ! എന്നു വിളിച്ചു നടക്കുന്നുണ്ടു്. പലയർ മുതലായ വഴിക്കാരെ വഴിമാറുന്നതു ഞാൻ എന്റെസ്വന്തം കണ്ണുകൊണ്ടു കണ്ടതാണു്. രാജധാനിക്കടുത്തുള്ള പബ്ലിക്ക റോഡിൽ വെച്ചാണിതു നടന്നതു് എന്നോക്കേണ്ടതാണു്. രാജധാനിക്കടുത്തു ഈവക ദുരാചാരം നിർബാധകമായി ഇപ്പോഴും നടക്കുന്നുവെന്നതു നമുക്കു് നമ്മുടെ രാജ്യത്തിനും അപമാനം ഉണ്ടാക്കിവെക്കുന്ന ഒന്നാണു്. അതിനാൽ അപമാനകരവും അന്യായവുമായ ഈ ദുരാചാരത്തെ തടയേണ്ടതു, അങ്ങിനെ നമ്മുടെ രാജ്യത്തെ അപമാനത്തിൽ നിന്നു രക്ഷിക്കേണ്ടതു നമ്മുടെ ഗവൺമെന്റിന്റെ കടമയാണു്. വാസ്തവത്തിൽ മാനം മഹാരാജാവുതിരുമനസ്സിലെ കലധനമാണെങ്കിൽ മഹാരാജാവുതിരുമനസ്സിലെ പ്രജകളുടെ കലധനം അപമാനം തന്നെയാണു്. പ്രജകളിൽ ഒരു വിഭാഗക്കാരുടെ ആ കലധനമായ മാനത്തെ മറ്റൊരു വാദക്കാർ ചവുട്ടിമെതിക്കാതെ സംരക്ഷിക്കേണ്ടതു് തിരുമനസ്സിലെ ഗവർമ്മെന്റിന്റെ കർത്തവ്യമത്രെ. അതിനാൽ രാജ്യത്തിലെ ചില ജനവിഭാഗങ്ങൾക്കു മാനഹാനികരവും മനോവേദനയുളവാക്കുന്നതുമായിരിക്കുന്ന ഈ അയിത്തമെന്ന ദുരാചാരത്തെ തീർച്ചയായും ഒരു രാജകീയ വിളംബരം മൂലം മാറണമെന്നഅഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

Mrs. T. Francis *(Ernakulam-Women):* I strongly support this motion. Untouchability is an unnatural and abominable custom. How can a man by touch pollute another man unless he be extremely unclean. The wonder of it is a man can touch a dog or pig without fear of being polluted. But he cannot touch his fellow creature if he belongs to a non-caste community. If you say that a very dirty and unclean man is an untouchable, whether he be a Brahmin or Pulaya, I can understand it. That is not the custom prevailing amidst us. Even the most clean and decent Non-Caste-Hindu is an untouchable to a Caste-Hindu. India is now striving for complete freedom. To attain that goal India should become united and become a homogeneous nation. Untouchability stands in the way of communal amity and unity and is a barrier to all political and social progress. To the best of my knowledge such undesirable customs do not exist anywhere in the world except in India. Freedom of using public places like roads, public tanks, etc., must be given to all. To prevent some people from using public tanks is to a certain xtent, detrimental to their personal hygiene. Personal hygiene is essential for personal health.

LIBRARY ARCHIVES Kerala Legislative Assembly

Untouchability and similar other bad customs should not be tolerated or connived at by a civilized Government. If untouchability is wiped out temples will be gradually opened to all Hindus; many difficulties which, we experience in society will be removed. I will presently tell you what embarrassment this untouchability created for me, at times, in doing my professional work. Being a Doctor I have had very many occasions to go to the houses of Caste-Hindus. When I enter the inner rooms to examine the patients the ladies in those houses behave in such a manner as to create an impression in my mind that I am an unwanted thing there, yet they want me. The ladies of the house keep themselves at a little distance. In the beginning I did not understand why they were doing so. Afterwards I came to know that they kept themselves away from me because they had to take bath if the fringe of my sari touches them, even though I wear a more clean sari than their clothes. After starting my dispensary I have had another experience. Early in the morning some caste-hindu ladies come and ask me to examine them. When I was otherwise engaged I used to ask them to kindly wait a little. Then they used to say that they could not wait long as they have to return home and bathe. When asked, why they don't take bath and come for medical examination, their usual answer was that they would have to bathe again, if I touch them. I don't blame those ladies. They have to observe social customs. But look at the insult they have to offer unwillingly to others owing to such unreasonable customs. Look at the trouble ensuing out of it. Therefore I say that untouchability must be wiped out as early as possible. With these few remarks, I support this motion.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* I move that the question be now put.

Mr. K. S. Panicker *(Trichur-Ezhuvas):* I second it.

Motion put and carried

Mr. B. V. K. Menon *(Secretary to Government):* Sir, I rise to reply to this debate with a considerable amount of diffidence not because I believe that there is not any force in what I am going to say but because I feel that on account of the views expressed here so emphatically and almost unanimously any exposition of the other side of the question may not have any acceptance at all. This motion is not new to this Council and I am afraid every time Government have said that they have never encouraged unapproachability or untouchability in this State. My position is the same even now. No institution, the cost of which is met from the public funds will not be open to any Member of the public to whatever community he or she belongs. Every road, every tank, every well, every school, every public office, the expenses of which are met from public funds are thrown open to all communities. I mean to say that the Government do not in any way put a premium on the orthodoxy or the customary practices. No subject of His Highness the Maharaja is denied the civic rights that any member of any community possesses as long as such institutions are controlled from the public funds.

Well, Sir, that being the case I assert that the untouchability does not in itself cause any substansial inconvenience as far as the civic rights are concerned.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Does it casue any indignity?

Mr. B. V. K. Menon *(Secretary to Government):* I will say even that as far as these institutions which are after all the most important thing that every community wants, every office, every tank, every school, are open to all communities alike.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* If there is untouchability in Cochin now?

Mr. B. V. K. Menon *(Secretary to Government):* I am coming to that. That is what the Government do. Government do not believe that untouchability is an unknown or only an imaginary institution here. Government think that there is such an institution and some communities do suffer from some of those difficulties.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* What is the proposal of the Government?

Mr. B. V. K. Menon *(Secretary to Government):* What the Government think is that these social reforms should not be initiated by Government by compulsion but those should be evolved by the society itself. And I am sure no Member of this House will deny that the progress of time has considerably mitigated such evil customs or usages.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* Has not the Government accepted the Child Marriage Restraint Act?

Mr. B. V. K. Menon *(Secretary to Government):* Yes. The then Diwan made it clear. As a matter of fact objections were raised in this Council when Government voted for that Bill that the usual procedure in this House was that Government used to be neutral when social

LIBRARY ARCHIVES Kerala Legislative Assembly

reforms are introduced in the Council. The then Diwan said that it is not only a social reform but it is a public health reform, which affects the public health of the community and that is why Government took a definite stand.

Rao Sahib K. Ayyappan *(Ezhuvas-Kanayannur):* The then President said that it was a question of public morality.

Mr. President: Order, order. I would ask the Hon'ble Member kindly not to interrupt.

Mr. B. V. K. Menon *(Secretary to Government):* This certainly is not a matter of public health. I do not deny that whenever public health is concerned and if Government think that such an institution affects the public health at large, then certainly Government will move in the matter. Government think that this is purely a social matter and that any compulsion from the Government on any particular community that they should not observe such and such customs will not feasible nor desirable. That is the other side of the picture. I have nothing more to add except to say that Government do not encourage this evil practice. The proper solution for this is the education of public opinion which I am sure, is fast approaching to the goal that the Hon'ble Members have said and it is only a matter of time. It is not to be gained by compulsion or by legislation.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ റസല്യൂഷനെ സംബന്ധിച്ചു അല്പം മാത്രമേ എനിക്കു സംസാരിക്കുവാനുള്ളു. പൊതുവെ പറയുന്നതായാൽ ഇതിനെ ആരും എതിർത്തിട്ടില്ല. അയിത്തം നീക്കം ചെയ്യുന്നകാര്യത്തിൽ ഇവിടെയുള്ള എല്ലാവർക്കും സന്തോഷമാണ്. എല്ലാ സമുദായക്കാരും അയിത്തം മാറണമെന്നുള്ള അഭിപ്രായക്കാരാണ്. ഗവർമ്മെൻറിന്റെ മറുപടിയിൽനിന്നു എനിക്കു മനസ്സിലായിട്ടുള്ളതു് അയിത്തം ഒരു സാമുദായിക കാര്യമാണെന്നാണ്. അതുകൊണ്ടു് അതാതു സമുദായത്തിൽ പെട്ടവർതന്നെയാണ് അതു മാറേണ്ടതു്. അക്കാര്യത്തിൽ വിശേഷിച്ചൊരു നിലപാടു ഗവർമ്മെണ്ടു അംഗീകരിച്ചിട്ടില്ല എന്നു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സിക്രട്ടറി അവർകൾ ഗവർമ്മെൻറിന്റെ നയത്തെ സംബന്ധിച്ചു പറഞ്ഞതായിട്ടാണ് എനിക്കു മനസ്സിലായിട്ടുള്ളതു്. അതൊട്ടും ശരിയല്ല. ഇത്രയധികം പൊതുജനാഭിപ്രായമുള്ള സ്ഥിതിക്കു് ആക്ടം വേണ്ടാത്തതായ ഈ അയിത്തം പുലത്തിക്കൊണ്ടുപോകുന്നതിൽ ചിലരെ അനുവദിക്കാമൊ എന്നാണ് ഗവർമ്മെൻറു് ആലോചിക്കേണ്ടതു്. അതുകൊണ്ടു് എനിക്കൊരഭിപ്രായമുള്ളതു് അത്യാവശ്യമായിട്ടുള്ള ഈ സംഗതിയിൽ ഗവർമ്മെൻറും കൂടി ഇടപെടുകയാണെങ്കിൽ അതു് എളുപ്പത്തിൽ നീക്കം ചെയ്യുവാൻ സാധിക്കുമെന്നാണ്. എന്നാൽ പിന്നെ ഞങ്ങൾ ലഹളയുണ്ടാക്കിതീർക്കുന്ന ഒരു സ്ഥിതി ഉണ്ടാകയില്ല ഗവർമ്മെൻറിന്റെ നിയമം ലംഘിക്കാതിരിക്കണമെന്നുള്ള അഭിപ്രായക്കാരാണ് ഞങ്ങൾ, പക്ഷെ ഞങ്ങളെ ശ്വാസം മുട്ടിക്കുന്ന പരിതഃസ്ഥിതി നാട്ടിൽ ഇനിയും വളർന്നു വരുകയാണെങ്കിൽ വേണ്ടിവന്നാൽ ഗവർമ്മെൻറിന്റെ നിയമംപോലും ലംഘിക്കുവാൻ അനവധിപേർ ഞങ്ങളിൽ ഒരുങ്ങിയിരിക്കുകയാണ്. അതു കൂടാതെ കഴിക്കണമെന്നു ഞാൻ ഗവർമ്മെൻറിനോടപേക്ഷിക്കുന്നു.

ഇതു് അധഃകൃതരെ മാത്രം ബാധിക്കുന്ന ഒരു സംഗതിയല്ല. കൊച്ചിയിലെ ഹരിജനത്തോളം വരുന്ന ജനങ്ങളെ ബാധിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ടാണ് ഗവർമ്മെൻറുതന്നെ ഇതിൽ ഇടപെട്ടു് പ്രവൃത്തിച്ചാൽ അതെളുപ്പത്തിൽ നീക്കം ചെയ്യുവാൻ സാധിക്കുമെന്നാണു് ഞാൻ പറയുന്നതു്. പിന്നെ ഇതൊരു പോസ്റ്റുവാർ പദ്ധതിയെന്നനിലയിൽ എടുക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. ഈ പ്രമേയത്തിൽനിന്നു ചിലവാക്കുകൾ എടുത്തുകളയണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് അവശസമുദായക്കാരുടെ അഭിമാനത്തെ സംരക്ഷിക്കുവാൻ എന്നുള്ള ഭാഗം ഈ പ്രമേയത്തിൽനിന്നു് എടുത്തുകളയണമെന്നു ഞാൻ അപേക്ഷിക്കുന്നു. അപ്പോൾ പ്രമേയം "അയിത്തം ഒരു രാജകീയ വിളംബരം മൂലം നിർത്തലാക്കണമെന്നു ചെയ്യുവാൻ ഈ സഭ ബഹുമാനപ്പെട്ട ഗവർമ്മെൻറിനോടു് ശുപാർശ ചെയ്യുന്നു" എന്നാകും. ഈ പ്രമേയത്തെ എല്ലാവരും ഐകകണ്ഠ്യേന പാസാക്കിത്തരണമെന്ന അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയം ഇവിടെ പ്രസ്സു് ചെയ്യുന്നു.

I request that the House may be pleased to allow me to delete the following words in my resolution. "അവശസമുദായങ്ങളുടെ അഭിമാനത്തെ സംരക്ഷിക്കുവാനും"

Mr. President: Has the Hon'ble Member the leave of the House to amend his resolution? (Voice of "Yes".)

The resolution, as amended, put and carried

LIBRARY ARCHIVES Kerala Legislative Assembly